# ECHO

#Hearing the unheard



VEDAVYASA

COLLEGE OF ARTS AND SCIENCE

**ANNUAL MAGAZINE 2025-2026**



നിങ്ങൾക്ക് ഇനി ഡിഗ്രി ലഭിക്കില്ല !
സ്കിൽ ക്രെഡിറ്റ്സ് ഇല്ലാതെ
നാഷണൽ എജ്യുക്കേഷൻ പോളിസി (NEP) പ്രകാരം
ഡിഗ്രി വിദ്യാർത്ഥികൾക്കായുള്ള സ്കിൽ ക്രെഡിറ്റ് പോയിന്റുകൾ
ലഭിക്കുന്ന കോഴ്സുകൾ ജി - ടെക്കിലൂടെ ലഭ്യമാണ്
My CREDITS
Earn Digilocker verified skill credits
www.mycreditcourses.com
25 Years of G-TEC
Be a Professional Accountant
PDIFAS
PROFESSIONAL DIPLOMA IN FINANCE AND SAP ACCOUNTING
DIFA
DIPLOMA IN INDIAN & FOREIGN ACCOUNTING
DIFM
DIPLOMA IN FINANCIAL MANAGEMENT ACCOUNTING with SAP FICO
PCAIA PROFESSIONAL CERTIFICATION IN AI INTEGRATED ACCOUNTING
LEARN
AI Integrated
MS Office
Graphic Designing
Cyber Security
ADVANCED EXCEL
LEARN
Full Stack Developer
MEAN MERN PYTHON REACT
Data Science & AI
Python django Dart
Flutter tableau Power BI
MULTIMEDIA
Animation
VFX
Motion Graphics
Digital
Video Editing
Marketing
G-TEC EDUCATION
"GLOBAL LEADER IN IT EDUCATION"
RAMANATTUKARA | MOB:9544416300




NEXG DRIVING ACADEMY
ആത്മവിശ്വാസത്തോടെ വാഹനം
ഓടിക്കാൻ പഠിക്കാം വരൂ
നെക്സ്ജിയിലേക്ക്
DRIVE-1
Licensing Program
Auto Driving Lessons
Fleible Lesson Times
Experienced Instructor
Lady Instructor
Certified Instructors
Flexible Timings
Affordable Packages
Special Weekend Batches
L (Learning) എടുത്താലും
ആരുടെയും എല്ല് ഒടിക്കാത്ത രീതിയിൽ
പ്രൊഫഷണലായി ഡ്രൈവിംഗ് പഠിക്കേണ്ടേ?
ഗിയർ മാറ്റുമ്പോ
ക്ലച്ച് ചവുട്ടണം
അല്ലേ......
വനിത പരിശീലകയുടെ
സേവനവും
ലഭ്യമാണ്
നിങ്ങൾ
ആഗ്രഹിക്കുന്നില്ലേ?
സുരക്ഷയ്ക്ക് ഊന്നൽ നൽകി
ആത്മവിശ്വാസത്തോടെ ഡ്രൈവിംഗ് പഠിക്കാൻ?
സുരക്ഷിതമായി ലൈസൻസ് നേടാൻ
റോഡിലെ നിയമങ്ങൾക്കൊപ്പം, ആധുനിക
രീതിയിലുള്ള പ്രായോഗിക പരിശീലന നേടാൻ ? എങ്കിൽ
നിങ്ങളുടെ സുരക്ഷിത യാത്രയുടെ തുടക്കം
നെക്സ്ജിയിലാവട്ടേ
Book Now
9645 40 40 99 | 9539 40 40 99
NEXG
DRIVING ACADEMY RAMANATTUKARA
nexgramanattukara
nexg ramanattukara

# ECHO

*#Hearing the unheard*

വേദവ്യാസ ആർട്സ് & സയൻസ് കോളേജ് 2025-26 അധ്യയന വർഷത്തിലെ 'എക്കോ'
എന്ന മാഗസിൻ വർത്തമാനകാലം അനിവാര്യമായി ആവശ്യപ്പെടുന്ന യുവതയുടെ
കരുത്തുറ്റ ശബ്ദമാണ്. ഇരുണ്ട ചിന്തയിലൂടെ വർത്തമാനകാലത്തെ
രൂപപ്പെടുത്തുന്ന പ്രതിലോമ സമൂഹത്തിന് നേരെയുള്ള പ്രതിഷേധവും
പ്രതിരോധവും മാഗസിന്റെ താളുകളിൽ കാണാം.
സർഗാത്മകത സമരായുധമാക്കിയ പോരാളികളുടെ പാത
പിന്തുടരുന്ന ഇതിലെ എഴുത്തുകൾ
അനീതിക്കെതിരെ പ്രതികരിക്കുന്ന ഒരു തലമുറയുടെ ശബ്ദമാണ്.
ഇവിടെയുള്ള ഓരോ വരിയും തീക്ഷ്ണബിംബങ്ങളാൽ അപരലോകം സൃഷ്ടിക്കുന്ന
കവിതകളാണ്. വായനയിൽ ലളിതമെന്ന് തോന്നുമെങ്കിലും
അവ വലിയ അർത്ഥതലങ്ങൾ ഒളിപ്പിച്ചുവെക്കുന്നു.
അടിച്ചമർത്തപ്പെടുന്നവരുടെയും ആക്രമണത്തിനിരയാകുന്നവരുടെയും
പ്രതിഷേധസ്വരം ഇരുമ്പുന്ന ഈ മാഗസിൻ വർത്തമാനകാലത്തിന്റെ
സാമൂഹ്യനൈതികതയെ ഉയർത്തിപ്പിടിച്ചുകൊണ്ട്
എല്ലാവിധ ചൂഷണങ്ങൾക്കും അസമത്വത്തിനുമെതിരെ പ്രതിരോധമുയർത്തുന്നു.



**Statement of Ownership and Other Particulars of the Publication of Vedavyasa College of Arts & Science Annual Magazine 2025-26**

ECHO
#Hearing the unheard


**Chief Editor**
Mrs. Sanila T

**Editorial Board**

**Staff Advisor**
Mr. Sai K Bharath

**Staff Editors**
Ms. Ardhra Raju
Ms. Meenakshi C
Mr. Rahul E

**Student Editor**
Mr. Muhammed Sinan P K

**Sub Editors**
Ms. Athira Anil K P
Mr. Mahesh Krishna J

**Periodicity of Publication**
**Annual**

**Cover Page Design**
Mr.Mahesh Krishna J

**Layout & Printing**
Malabar Creatives Cherootty Road, Calicut
Ph: 9895134103


**I hereby declare that the particulers given herein are true to the best of my knowledge**

Cheif editor
S/d

# Remembering the Visionary
# Behind Vedavyasa Group of Institutions



**Late Sri. V Vijayakumaran Nair**
Founder of Vedavyasa Group of Institutions

*Honouring the founder with deep respect,*
*whose dream became our foundation*



IRIS
Beauty Parlour
Ladies & Kids
KAKKOVE
Threading
Facial
Bleach
Henna & Colouring
Waxing
Pedicure & Manicure
Volumizing
Smoothening
Hair Spa
Protien Treatment
Branded Cosmetics &
Innerweares available here
Call: 9497551398




വിജയകരമായി
16-ാം വർഷത്തിലേക്ക്
നിങ്ങൾക്കും
ആത്മവിശ്വാസത്തോടെ
ഇനി ഡ്രൈവ് ചെയ്യാം
കാർ, ജീപ്പ്, സ്കൂട്ടർ, മോട്ടോർ സൈക്കിൾ എന്നീ വാഹനങ്ങളിൽ
പരിശീലനം നൽകി ലൈസൻസ് എടുത്തുകൊടുക്കുന്നു.
പരിചയസമ്പന്നരായ ഡ്രൈവിംഗ് പരിശീലകർ
ലൈസൻസ് ഉണ്ടായിട്ടും വാഹനം ഓടിക്കാത്തവർക്ക് പ്രത്യേക പരിശീലനം
18 വയസ്സ് മുതലുള്ള ഏതു പ്രായക്കാർക്കും അവരുടെ
അഭിരുചിക്കനുസൃതമായ രീതിയിൽ ഡ്രൈവിംഗ് പരിശീലനം




പുളിക്കൽ
ഡ്രൈവിംഗ് സ്കൂൾ
കാരാട്, പുളിക്കൽ
9048 600 102 (Shijith)
PULIKKAL
PULIKKAL

ECHO
#Hearing the unheard



## Prof. Dr. Arun Korath

B.E, M.Tech, MBA, Ph.D
Secretary, Vedavyasa Trust

It gives me immense pleasure and a deep sense of pride to extend my warm greetings to the Principal, faculty members, students, and the editorial team as you present another vibrant edition of the college magazine, *Echo.*

The title *Echo* beautifully symbolises the idea of repetition, memory, and the lingering presence of past voices and experiences. A college is not merely a place of learning; it is a space where minds are enlightened, character is shaped, and values are nurtured. This magazine reflects that collective spirit and creative energy of our students.

At Vedavyasa College of Arts & Science , we strive to uphold our vision of becoming a leading institution dedicated to value-based education, strengthened through innovative pedagogy and technology. Our goal is not only academic excellence but also the holistic development of students, inspiring them to contribute meaningfully to society and to work towards a harmonious and sustainable future.

Our mission is deeply rooted in cultivating professional competence alongside essential human values. We believe education must nurture compassion, responsibility, and a strong moral foundation. By encouraging students to transform empathy into meaningful action, we prepare them to address societal challenges and contribute to the greater good. The values that guide our institution— Dharma (righteousness), Karuna (compassion), and Shraddha (mindfulness) —form the core of our educational culture. These principles inspire our students to act with integrity, perseverance, and confidence in their personal and professional journeys.

I hope *Echo* becomes a vibrant platform that reflects the creativity, intellect, and aspirations of our students. May every page illuminate ideas, talents, and perspectives that inspire readers and strengthen the spirit of our academic community.

Let this magazine remind us that the echoes of an institution lie in the knowledge it spreads, the values it upholds, and the positive impact it creates in the world.

I extend my heartfelt congratulations to the editorial team and all the contributors for their dedication and effort.



# PRINICIPAL'S DESK



Education inspires beyond information ;it shapes perspective and awakens purpose. Vedavyasa College of Arts and Science's college magazine, ECHO, showcases our students' intelligence, inventiveness, and goals. It symbolizes a dynamic academic environment where ideas flourish, skills are expressed, and voices are confident and clear. These venues promote creativity, critical thinking, and uniqueness. I genuinely thank the instructors, students and editorial board for their hard work. As we guide our kids toward a future marked by knowledge, integrity, and thoughtful success, may ECHO continue to inspire greatness, preserve significant memories, and celebrate achievement.

**Dr. Haritha M.K**
**Principal**

A magazine is more than just ink and paper; it is a reflected mirror of the society we live in, a resonant expression of youthful intelligence, and a rhythmic cadence of changing ideas. Every contribution acts as a perceptive lens that allows us to interact with our reality more deeply and subtly. I applaud the hard work of the academics, students, and editorial team whose commitment and vision made this publication possible.



**Sai.K.Bharath**
**Vice Principal**

ECHO
#Hearing the unheard

# ECHO

*#Hearing the unheard*

**'എക്കോ'** - പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ വിദ്യാർത്ഥികളുടെ ശബ്ദം ആർത്തു മുഴങ്ങുന്ന നമ്മുടെ കലാലയത്തിന്റെ ശക്തമായ പ്രതിധ്വനിയാണ്. ഒരു ശബ്ദം ഉയർന്നാൽ അത് മതിലുകളിൽ ഉരസി തിരിച്ചുവരുന്നത് പോലെ സമൂഹത്തിൽ മൂല്യച്യുതി സംഭവിക്കുമ്പോൾ യുവതലമുറ അതിനെതിരെ ചോദ്യമുയർത്തുകയും അനീതിയോട് പ്രതികരിക്കുകയും ചെയ്യും. ഇവിടെ ഓരോ വരിയും ചിന്തയുടെ പ്രതിധ്വനികളാണ്. യുവത്വത്തിന്റെ പ്രതിരോധഗാനമാണ്. ഓരോ ലേഖനവും മറുപടികൾ തേടുന്ന പ്രതീക്ഷയുടെ പാതയാണ്. ഓരോ താളുകളും മാനവികതയേയും മൂല്യബോധത്തെയും നൈതികതയേയും ഉയർത്തിപ്പിടിക്കുന്നതാണ്. മനുഷ്യകേന്ദ്രീകൃത ലോകക്രമത്തെ ചോദ്യം ചെയ്തുകൊണ്ട് പാരിസ്ഥിതികനാശത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് അരികുവൽക്കരിക്കപ്പെട്ട ജനതയോട് ഐക്യം പ്രഖ്യാപിച്ചുകൊണ്ട്, ഈ മാഗസിനിലൂടെ ആവുന്നത്ര ഉച്ചത്തിൽ 'ഒച്ച' ഉയർത്തുന്നതിനായി വായനക്കാരിലേക്ക് സമർപ്പിക്കുന്നു.

'ഒച്ച വിജയം
ഒച്ച പ്രതിഭ
ഒച്ച ബ്രഹ്മം'



**സനില ടി**
മാഗസിൻ ചീഫ് എഡിറ്റർ
അസിസ്റ്റന്റ് പ്രൊഫസർ



**സിനാൻ പി.കെ**
സ്റ്റുഡന്റ് എഡിറ്റർ

പ്രിയപ്പെട്ടവരെ,
**'എക്കോ'** എന്ന മാഗസിൻ ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുകയാണ്. ക്യാമ്പസ് ജീവിതം കേവലം പുസ്തകത്തിലുള്ളത് പഠിക്കാൻ വേണ്ടി മാത്രമല്ല, നമ്മുടെ സാമൂഹിക യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കാനുള്ളൊരു അവസരം കൂടിയാണ്. ഓരോ കലയും അതത് കാലത്തിന്റെ അടയാളങ്ങൾ അവശേഷിപ്പിക്കുന്നു. 'വാളല്ലെൻ സമരായുധം...' എന്ന വയലാറിന്റെ വരികൾപോലെ കലയിലൂടെ സാമൂഹിക യാഥാർത്ഥ്യങ്ങളെ വ്യത്യസ്ത വീക്ഷണകോണുകളിലൂടെ ആവിഷ്കരിക്കാനും അവയ്ക്ക് ശബ്ദമേകാനുമാണ് 'എക്കോ' ശ്രമിക്കുന്നത്.

# എഡിറ്റോറിയൽ ബോർഡ്



**സായ് കെ ഭരത്**
സ്റ്റാഫ് അഡ്വൈസർ



**സനില. ടി**
ചീഫ് എഡിറ്റർ



**ആർദ്ര രാജു**
സ്റ്റാഫ് എഡിറ്റർ



**മീനാക്ഷി സി**
സ്റ്റാഫ് എഡിറ്റർ



**രാഹുൽ. ഇ**
സ്റ്റാഫ് എഡിറ്റർ



**സിനാൻ പി കെ**
സ്റ്റുഡൻ്റ് എഡിറ്റർ



**മഹേഷ് കൃഷ്ണ ജെ**
സബ് എഡിറ്റർ



**ആതിര അനിൽ കെ പി**
സബ് എഡിറ്റർ



**അഭിഷേക് പി**
ഫോട്ടോഗ്രാഫർ



**സാരംഗ്**
ഫോട്ടോഗ്രാഫർ

# തിരശ്ശീലയിലെ തടവുകാർ

രുചിയൂറും അറിവുകൾ തളികയിലാക്കി
ചുറ്റുമതിലായ് ഉയരുന്ന സ്ക്രീനുകൾ;
അതിനിടയിൽ ചിന്തകൾ തളയ്ക്കപ്പെട്ടപ്പോൾ
താനറിയാതെ പോയ തൻ മൂല്യത്തോടോതി
യുദ്ധം ചെയ്തു തോൽക്കുന്നു മനുഷ്യൻ.



വരക്കുപ്പായം തുന്നിയ ചിന്തകൾക്കുള്ളിൽ
സ്ക്രീൻ വെളിച്ചത്തിൽ തെളിയും മുഖങ്ങൾ;
ലക്ഷ്യമില്ലാതെ ലക്ഷ്യം തിരയുന്ന നേരങ്ങൾ
ചിതലരിച്ചങ്ങനെ ഉരുകിത്തീരുന്നു.

ചങ്ങലയ്ക്കിട്ട മൃഗത്തെക്കാൾ കഷ്ടം
ഇന്നത്തെ മായാലോകത്തെ നായകർ!
നിർജീവമായൊരു പുഞ്ചിരി തൻ പിന്നിൽ
ഉണങ്ങുന്ന നാഡികൾ അറിയാതെ ഉറങ്ങുന്നു.

പൂട്ടിന് മീതെ പൂട്ടുകൾ തീർത്ത്
സ്ക്രീനുകൾ കാലം കവർന്നെടുക്കുമ്പോൾ,
ജീവിതം നിശബ്ദമായൊരു
അന്ധതയിലേക്ക് വഴിമാറുന്നു.



**മുഹമ്മദ് നിജാദ്. കെ**
ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ്

# മണ്ണിനെയും മനസ്സിനെയും സ്പർശിച്ച ദിനങ്ങൾ

വേദവ്യാസ കോളേജ് എൻ. എസ്. എസ് യൂണിറ്റിന്റെ ആദ്യ സപ്തദിന ക്യാമ്പാണ് കാരാട് ജി. എൽ. പി സ്കൂളിൽ വെച്ച് 2025 ഡിസംബർ 24 മുതൽ 30 വരെ നടന്നത്. വിവിധ ജനപ്രതിനിധികളുടെയും അദ്ധ്യാപകരുടെയും സാന്നിദ്ധ്യത്തിൽ ആരംഭിച്ച ക്യാമ്പ് ഞങ്ങളുടെ കോളേജ് ജീവിതത്തിലെതന്നെ മറക്കാനാവാത്ത അനുഭവങ്ങളിലൊന്നാണ്. പുതിയ അനുഭവങ്ങൾകൊണ്ടും പാഠങ്ങൾക്കൊണ്ടും സമ്പന്നമായിരുന്നു 24 –ാം തീയതി മുതലങ്ങോട്ടുള്ള ഏഴുദിവസങ്ങൾ. ജീവിതത്തിലെ ഏറ്റവും മനോഹരമായ ഓർമ്മകളുടെയും ചേർത്തുപിടിക്കലുകളുടെയും കഥകളാണ് അവിടെയുണ്ടായിരുന്ന ഓരോ NSS വോളന്റിയേഴ്സിനും ഈ ഏഴ് ദിവസത്തെക്കുറിച്ചും പറയാനുണ്ടാവുക.

NSS ക്യാമ്പിലെ ഏറ്റവും മധുരമുള്ള ഒരു ഓർമ്മയാണ് അവിടത്തെ ക്രിസ്തുമസ് ആഘോഷം. ക്യാമ്പ് തുടങ്ങിയ ദിവസം രാത്രി കൂട്ടുകാരോടൊപ്പം പോയ ക്രിസ്തുമസ് കരോളും ക്രിസ്തുമസ് ദിവസത്തിലെ ആഘോഷങ്ങളും മറക്കാനാവാത്തതാണ്. പുലർക്കാലത്തിന്റെ മനോഹാരിത എന്തെന്ന് ഞങ്ങളിൽ പലരും അനുഭവിച്ചറിഞ്ഞത് ഈ ദിവസങ്ങളിലായിരുന്നു. രാവിലെ എണീറ്റ് ചെറുപുഞ്ചിരിയോടെ ഓരോദിവസവും തുടങ്ങുകയും ആദ്യ ദിവസങ്ങളിലെല്ലാം ചൂലെടുക്കാൻ പോലും മടികാണിച്ചവർ പിന്നീട് സ്കൂളും പരിസരവും മുഴുവനും വൃത്തിയാക്കുകയും ഏൽപിച്ച പണികളത്രയും വളരെയധികം ആത്മാർത്ഥതയോടുകൂടി ചെയ്തുതീർക്കുകയും ചെയ്തു. ഏറ്റെടുത്ത പ്രവർത്തനങ്ങളെല്ലാം നല്ല രീതിയിൽത്തന്നെ പൂർത്തിയാക്കാനും ഞങ്ങൾക്ക് സാധിച്ചു.

ഉച്ചസമയംവരെയുള്ള പണികൾക്ക് ശേഷം ക്ഷീണിച്ചുവരുന്ന വോളന്റിയേഴ്സ് അന്നത്തെ കിച്ചൺ ടീമിലെ അംഗങ്ങൾ തയ്യാറാക്കിവയ്ക്കുന്ന ഭക്ഷണം സംതൃപ്തിയോടെയാണ് കഴിക്കാൻ വരുന്നതെങ്കിലും ഭക്ഷണത്തിലെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിച്ച് കിച്ചൺ ടീമിലെ അംഗങ്ങളെ ദേഷ്യം പിടിപ്പിക്കുക എന്നത് എന്നത്തെയും ഒരു വിനോദമായിരുന്നു. പറയുന്നതിലൊന്നും വല്യ കാര്യമില്ല എന്ന് കേൾക്കുന്നവർക്കും പറയുന്നവർക്കും അറിയാവുന്നതുകൊണ്ടാവും അതൊന്നും അത്രവല്യ വിഷയമായി തോന്നിയിരുന്നില്ല എന്നുമാത്രമല്ല, അതെല്ലാം എല്ലാവരും നന്നായി ആസ്വദിച്ചിരുന്നു. ഉച്ചയ്ക്കുശേഷം ക്ലാസ്സ് എടുക്കാൻ വരുന്നവർക്ക് മുന്നിൽ ചെറിയ ഉച്ചമയക്കത്തോടുകൂടി ഇരിക്കുമ്പോഴും അഞ്ചുമണിയ്ക്കുള്ള ചായ ഉറങ്ങിപോകാതെ ക്ലാസ്സ് കേൾക്കാനും വേണ്ട പ്രതികരണങ്ങൾ കൊടുക്കാനുമുള്ള പ്രേരണയായി. അന്നേരവും ചായപൊടിയുടെ അളവു നോക്കാനും അടുക്കളയിലെ പലഹാരങ്ങൾ കട്ടെടുത്തുകഴിക്കാനും നമ്മുടെ ചില വോളന്റിയേഴ്സ് മറക്കാറില്ല.



ഇതിനെല്ലാം ശേഷമാണ് പ്രോഗ്രാം കമ്മറ്റി നേതൃത്വം കൊടുക്കുന്ന സാംസ്കാരിക പരിപാടികൾ. കളിയും ചിരിയും കളിയാക്കലുകളും നിറഞ്ഞുനില്ക്കുന്ന, ക്യാമ്പോർമ്മകളിൽനിന്നും മാറ്റിനിർത്താനാവാത്ത നല്ലനേരങ്ങൾ. 'ഫോൺ' എന്ന് മൈക്കിലൂടെ വിളിച്ചുപറയുമ്പോഴേക്കും പല ബന്ധങ്ങളെയും ചേർത്ത് പിടിക്കാൻ നമ്മുടെ പല വോളന്റിയേഴ്സും ഓടിയെത്തുമെങ്കിലും ഫോൺ എപ്പോഴും കൈയിലില്ലാതിരുന്നത് ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ആഴംകൂട്ടാൻ വളരെയധികം സഹായിച്ചിട്ടുണ്ട്. ക്യാമ്പിനെ ഏറ്റവും മനോഹരമാക്കിയ മറ്റൊരുകാര്യമായി എനിക്ക് തോന്നിയത് അന്നത്തെ പ്രവത്തനങ്ങളെക്കുറിച്ച് രാത്രിയിൽ നടത്തിയിരുന്ന അവലോകനയോഗമാണ്. ഓരോ ടീമിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ടീം ക്യാപ്റ്റൺമാരും അംഗങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ സഹിഷ്ണുതയോടെ ചർച്ചചെയ്യുകയും അംഗീകരിക്കുകയും ചെയ്യുന്നതോടൊപ്പം നല്ലകാര്യങ്ങളെ എടുത്തുപറയാനും പ്രശംസിക്കാനും വോളന്റിയേഴ്സ് മടിക്കാറില്ല. ക്യാമ്പിലുടനീളം നീണ്ടുനിന്ന വോളന്റിയേഴ്സിന്റെ ചെറിയ കുസൃതികളും തമാശകളും ക്യാമ്പിനെ കൂടുതൽ രസകരമാക്കി.

ജീവിതത്തിൽ ഒരിക്കലും മായ്ക്കാനോ മറക്കാനോ ആഗ്രഹിക്കാത്ത 7 ദിവസങ്ങൾ, മറ്റൊരിടത്തുനിന്നും കിട്ടാത്ത ഒരുപാട് അനുഭവങ്ങൾ, പകരംവെക്കാനില്ലാത്ത ചില ബന്ധങ്ങൾ, ഒടുക്കമില്ലാത്ത കുറേ ഓർമ്മകൾ, അത്രമേൽ പ്രിയപ്പെട്ട കരുതലുകൾ.. ഇതിനെല്ലാമൊടുവിൽ അവിടെ ഉണ്ടായിരുന്ന ഓരോ വോളന്റിയേഴ്സും പറയും ഞങ്ങൾ ഓരോരുത്തരല്ല, ഞങ്ങളൊന്നാണ് എന്ന്. എഴുതിയാൽ തീരാത്തത്ര ഓർമ്മകളും ആരെയും പറഞ്ഞുമനസ്സിലാക്കി കൊടുക്കാൻ കഴിയാത്തത്ര ആഴമുള്ള കുറേ ബന്ധങ്ങളുമായാണ് സപ്തദിനക്യാമ്പ് കഴിഞ്ഞ് ഞങ്ങൾ മടങ്ങിയത്. 'ഓർമ്മകളായി മാറുമ്പോഴല്ലേ എന്തിനും ചന്തം കൂടുക' എന്ന് പത്മരാജൻ പറഞ്ഞപോലെ ഉള്ളിലെവിടെയോ നേർത്ത പുഞ്ചിരിയും ചെറിയവിങ്ങലും ബാക്കിയാക്കി എൻ. എസ്. എസ് ദിനങ്ങളും അവസാനിച്ചിരിക്കുന്നു. ക്യാമ്പിന് വേണ്ട എല്ലാ സഹായങ്ങളും ചെയ്തുതന്നുകൊണ്ട് എപ്പോഴും കൂടെയുണ്ടായിരുന്ന പ്രിൻസിപ്പാളിനേയും വൈസ് പ്രിൻസിപ്പാളിനേയും, ഞങ്ങളെ മനസ്സിലാക്കി എന്തിനും ഏതിനും ഞങ്ങളുടെ കൂടെനിന്ന ആഷിഖ് സാറിനേയും ഇഫ്രാമിസ്സിനേയും മറ്റ് അദ്ധ്യാപകരെയും ഇവിടെ ഓർക്കാതെവയ്യ. ഒപ്പം അടുക്കളയിൽ യൂട്യൂബ് പോലും സഹായത്തിനില്ലാതെ നിന്ന ഞങ്ങളെ കൃത്യസമയത്ത് രക്ഷിച്ച സന്ധ്യേച്ചിക്കും ഒരായിരം സ്നേഹം.

മനസ്സ് നന്നാവട്ടെ.



**കീർത്തന വി**
രണ്ടാംവർഷ സമൂഹശാസ്ത്രം

# SAVOURING WHAT WAS

All those days,
That we didn't know were special.
Mornings that were slow,
Evenings that were endless.
Back when laughter was real and silence felt safe.
If I could just go back – not to change anything,
Just to be there.
Just to breathe, to feel, the essence, while it lasted.
The past doesn't shout;
It whispers.
And somehow,
That hurts the most.






**Mehdi Shihab**
Second Year Commerce





പ്രവീൺ കെ
രണ്ടാം വർഷ കൊമേഴ്സ്





അതുൽ കെ
മൂന്നാം വർഷ കൊമേഴ്സ്

# അദൃശ്യരാകുന്ന മനുഷ്യർ

ഒരുദിവസം സന്ധ്യയ്ക്ക് പതിവുപോലെ ഇൻസ്റ്റഗ്രാമിൽ റീലും കണ്ടിരുന്ന നേരത്താണ് ആർദ്രയ്ക്ക് അമലിന്റെ ഫോളോ റിക്വസ്റ്റ് വരുന്നത്. അവൾക്കത് ആരാണെന്ന് മനസ്സിലാകാഞ്ഞതുകൊണ്ട് അവൾ ആ അക്കൗണ്ട് വെറുതെ എടുത്തു നോക്കി. ചെക്കൻ കൊള്ളാം. വട്ടമുഖത്ത് നല്ല ചിരി ഫിറ്റുചെയ്ത് പലപ്പോഴായി എടുത്ത കുറച്ച് ഫോട്ടോസ് പോസ്റ്റ് ചെയ്തിട്ടുണ്ട്. മ്യൂച്വൽ ആയി കുറച്ച് പരിചയമുള്ള അക്കൗണ്ടുകൾകൂടി കണ്ടപ്പോ രണ്ടാമതൊന്നാലോചിക്കാതെ അവൾ ആ റിക്വസ്റ്റ് അക്സെപ്റ്റ് ചെയ്തു. കുറച്ചുകഴിഞ്ഞപ്പോൾ ദാ അവളുടെ ഇൻബോക്സിലേക്ക് അയാളുടെ ഒരു മെസ്സേജ്. ലുക്ക് മാത്രേ ഉള്ളോ, സ്വഭാവം ഇനി കോഴീടെ ആകുമോ എന്നിങ്ങനെ ഒരുപാട് ചോദ്യങ്ങൾ അവളുടെയുള്ളിലേക്ക് ഒരുമിച്ച് വന്നെങ്കിലും എന്താണ് അയാളുടെ ഉദ്ദേശ്യമെന്ന് അറിയാനായി അവൾ അയാൾക്ക് റിപ്ലേകൊടുത്തു. വിചാരിച്ചതുപോലെയല്ല, കഴിഞ്ഞദിവസം അവൾ ക്ലാസ്സിലിരുന്ന് പാടിയ പാട്ട് കൂട്ടുകാർ എടുത്ത് റീലാക്കി ഇട്ടതുകണ്ടിഷ്ടപ്പെട്ട് അയാൾ അഭിനന്ദിക്കാനായി കഷ്ടപ്പെട്ട് അക്കൗണ്ട് കണ്ടുപിടിച്ച് വന്നതാണ്. തക്കതായ കാരണങ്ങളില്ലാതെ ആളുകളുടെ ദൂഷ്യം കണ്ടുപിടിക്കുന്ന അവളുടെ സ്വഭാവത്തോട് അവൾക്കുതന്നെ വെറുപ്പു തോന്നി. അയാൾ അവളുടെ ശബ്ദത്തിന് ജാനകിയമ്മയുടെ ശബ്ദവുമായുള്ള സാമ്യത്തെക്കുറിച്ച് വാചാലനായി. പിന്നീട് ആ സംസാരം എസ്. പി. ബിയിലൂടെ യേശുദാസിലേക്കും ജയചന്ദ്രനിലേക്കും ചിത്രാമ്മയിലേക്കും ശ്രേയാഘോഷാലിലേക്കും ഒടുക്കം സിത്താരയിലേക്കും എത്തി.

ആർദ്രയുടെ ജീവിതത്തിലെ മാറ്റിനിർത്താനാവാത്ത ഒരു സൗഹൃദത്തിന്റെ തുടക്കമായിരുന്നു അത്. പിന്നീട് മെസ്സേജുകളും വോയിസ് നോട്ടുകളും രാത്രി വല്ലാതെ നീളുന്ന ഫോൺകോളുകളുമൊക്കെയായി ആ ബന്ധം ദിവസം ചെല്ലുന്തോറും വളർന്നുകൊണ്ടിരുന്നു. അവൾക്ക് അവനോടുള്ളത് എന്താണെന്ന് അവൾക്കുതന്നെ ശരിക്കും അറിയില്ലായിരുന്നുവെങ്കിലും അവൾക്ക് അവനെ നഷ്ടപ്പെടുന്നതിനെക്കുറിച്ച് ചിന്തിക്കാൻതന്നെ കഴിയുമായിരുന്നില്ല. അവനോട് മാത്രം അവൾക്കെന്തോ ഒരു പ്രത്യേക ഇഷ്ടമായിരുന്നു, അവന്റെ ശബ്ദവും, അവളെ കളിയാക്കിക്കൊണ്ടുള്ള കുസൃതിച്ചിരികളുമെല്ലാം കേൾക്കാൻ ഓരോദിവസവും അവൾ കാത്തിരുന്നു. അവളുടെ ഓരോ ദിവസത്തിന്റെയും തുടക്കവും ഒടുക്കവും അവന്റെ മെസ്സേജിലൂടെയോ വിളികളിലൂടെയോയായിത്തുടങ്ങി. സിനിമകളും പാട്ടുകളും കവിതകളുമെല്ലാം അവരുടെ ചർച്ചാവിഷയങ്ങളായി. സ്വപ്നങ്ങളും രഹസ്യങ്ങളും വേദനകളുമെല്ലാം അവർ തമ്മിൽ പങ്കുവെച്ചു. അവളുടെ ഏറ്റവും മോശം അവസ്ഥയിൽപോലും അവന്റെ ഒരു മെസ്സേജിന് അവളിൽ ആശ്വാസവും പ്രത്യാശയും കൊണ്ടുവരാൻ സാധിച്ചു. അവളുടെ ഭയങ്ങളും സ്വപ്നങ്ങളും ശ്രദ്ധയോടെ കേട്ടശേഷം "ഞാനുണ്ടല്ലോ" എന്ന അവന്റെ സൗമ്യമായുള്ള വാക്കുകൾ അവളിൽ പല അർത്ഥതലങ്ങളും ഉണ്ടാക്കിത്തുടങ്ങി. നേരിൽ കണ്ടിട്ടില്ലെങ്കിലും സ്ക്രീനിനപ്പുറം ആരോ തന്നെ കേൾക്കാനും മനസ്സിലാക്കാനുണ്ടെന്നുള്ളത് അവളെ വല്ലാതെ സന്തോഷിപ്പിച്ചിരുന്നു.

ഒരു ദിവസം പതിവിൽനിന്നു വിപരീതമായി അവന്റെ മെസ്സേജോ ഫോൺവിളിയോ ഉണ്ടായില്ല. അവൾ അയച്ചമെസ്സേജുകൾ 'സീൻ' ആകുകയോ കോൾ കണക്ട് ആവുകയോ ചെയ്യുന്നുണ്ടായിരുന്നില്ല. ആദ്യമൊക്കെ നെറ്റുവർക്കിന്റെ എന്തെങ്കിലും തകരാറുകൊണ്ടാവുമെന്ന് അവൾ ആശ്വസിക്കുകയും അത് പരിഹരിക്കപ്പെടുമ്പോൾ അവൻ തിരിച്ചുവിളിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു. പക്ഷേ ഓരോ മണിക്കൂർ കഴിയുന്തോറും അവളുടെ ആധിയും വെപ്രാളവും കൂടിക്കൂടിവന്നു. അവളിൽ നിന്നും എന്തോവൊന്ന്, അവളുടെ തന്നെ ഒരുഭാഗം അടർന്നു പോകുംപോലെ. അവൾ അവനെ പലവട്ടം വിളിച്ചുനോക്കി, രക്ഷയില്ല! പിന്നീട് പ്രൊഫൈൽപിക്ച്ചറും പേരും മാഞ്ഞ് ഇൻസ്റ്റാഗ്രാംയൂസർ എന്ന മുഖമില്ലാത്ത ഐഡന്റിറ്റിയിലേക്ക് അവൻ മാറിയതായി അവൾ കണ്ടു. അവൾക്ക് വല്ലാത്തൊരു ശൂന്യത അനുഭവപ്പെട്ടു. ദിവസങ്ങൾ കടന്നു പോയിട്ടും അതിൽനിന്നു പുറത്തുവരാൻ അവൾക്കായില്ല. ഓരോ നോട്ടിഫിക്കേഷൻ വരുമ്പോഴും അവൾ ആഗ്രഹിക്കും,അതവന്റെയൊരു മെസ്സേജ് ആയിരുന്നെങ്കിലെന്ന്,

പക്ഷേ എപ്പോഴും നിരാശയായിരുന്നു ഫലം. താൻ വീണ്ടും ഒറ്റക്കായതുപോലെ അവൾക്കുതോന്നി. അവൻ ഇനിയൊരിക്കലും തിരികെവരില്ലെന്ന് അവൾക്ക് മനസ്സിലായിത്തുടങ്ങിയപ്പോൾ പിന്നെ അവൾ അവളെത്തന്നെ തിരിച്ചുപിടിക്കാനുള്ള ഓട്ടത്തിലായിരുന്നു. പലതിലേക്കും അവൾ ശ്രദ്ധതിരിക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

എങ്കിലും ഒറ്റക്കിരിക്കുമ്പോഴെല്ലാം അവളൊരിക്കൽ അനുഭവിച്ച പ്രണയത്തിന്റെ മധുരവും, അതവശേഷിപ്പിച്ച കയ്പ്പും നിറഞ്ഞ ഓർമ്മകളും അവളെ തേടിയെത്തും. ഓർമ്മകൾക്ക് ഇത്രയേറെ കയ്പ്പുണ്ടെന്ന് അപ്പോൾമാത്രമാണ് അവൾ തിരിച്ചറിയുന്നത്. എന്തുണ്ടെങ്കിലും തുറന്നുപറയാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നിട്ടും എന്തുകൊണ്ട് അവൻ തന്നോടിങ്ങനെല്ലാം ചെയ്തു എന്നുള്ളത് ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുകയും ഓരോതവണയും അവളെ വേദനിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവന് അവളോട് വെറുതെയെങ്കിലും ഒരു കാരണം പറഞ്ഞിട്ട് പോകാമായിരുന്നില്ലേയെന്ന് അവൾ വെറുതെ വേവലാതിപ്പെടും. അവൻ പലപ്പോഴായി പറഞ്ഞ ഓരോ കാര്യങ്ങളെയും അവളിഴകീറി പരിശോധിച്ച് അവന്റെ അകൽച്ചയുടെ കാരണം കണ്ടെത്താൻ ശ്രമിക്കും. താൻ അയാൾക്കുകൊടുത്ത സ്നേഹത്തിനും വിശ്വാസത്തിനും പകരമായി ഇതാണോ തനിക്ക് കിട്ടേണ്ടതെന്ന് ആരോടെന്നില്ലാതെ പരിഭവിക്കും. ചിലപ്പോളിങ്ങനെ വെറുതെ കൊതിപ്പിക്കാനായിമാത്രം തന്റെ ജീവിതത്തിലേക്ക് ഓരോരുത്തരെ അയയ്ക്കുന്ന ദൈവത്തെ അവൾ ചീത്തവിളിക്കും, തന്റെ കരച്ചിൽ കാണുന്നതാവും ദൈവത്തിനിഷ്ടമെന്ന് വെറുതെ പുലമ്പും..





**ആതിര അനിൽ കെ.പി**
ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ്

# भूख

भूख सिर्फ़ पेट की गहरी पुकार नहीं है,
यह रोटी से पहले की एक मजबूरी है।
आँखों में जब अपने सपने जलने लगें,
तब समझो — भूख की आग सबको झुलसाने लगी है।
कभी घर में बच्चे की थाली खाली रह जाती है,
और माँ के हाथों में मेहनत की लकीरों के साथ
भूख की सीधी रेखा भी दिखने लगती है।
भूख सिर्फ़ अनाज की कमी नहीं,
यह इंसाफ़ की भी कमी है —
जहाँ खेत भरे हैं अनाज से,
पर रोटी हर किसी तक नहीं पहुँचती।
चलो, आज एक दाना ही सही
किसी की थाली तक पहुँचा दें।
शायद पेट न भरे,
पर दिल ज़रूर भर जाए।



വര
ആദിൽ മുഹമ്മദ്
ഒന്നാം വർഷ കോമേഴ്സ്



**Sakthivel**
First Year Sociology

# അഭയാർത്ഥികൾ

വിജനമാം  വേളയിൽ ആരോ
വന്നെൻ കൈകളിൽ തട്ടി
ഓർമ്മയെന്നപോലെ  എല്ലാം മായ്മറഞ്ഞു
തെരുവോരങ്ങളിലാകെ പടർന്നു വിരഹം
ചുറ്റുമാകെ പ്രളയത്തിൻ വേർപാടുകൾ
എങ്ങുപോകും എന്നറിയാത്ത മനുഷ്യർ
നഷ്ടത്തിൻ ദുഃഖം ഒരു പേമാരിയായി
മനസ്സ് അലതല്ലും നിമിഷം
പുതുതീരങ്ങൾ തേടിയാത്രയായി നാം
പുതുലോകം പുതുജനത
പണ്ടെന്നോ കേട്ട പഴംകഥയായീ
എന്റെ നാട്. ആരോരും ഇല്ലാതെ
അലയുന്ന കിടാവായ് മാറിനാം വൈകാതെ
ഇനി ഇവിടെ ആരംഭിക്കുന്നു ഒരു പുതുജീവിതം
ഇനി ഇവിടെ ആരംഭിക്കുന്നു ഒരു പുതുസ്വപ്നം
മറക്കുവാൻ കഴിയാത്ത പേമാരിയെന്നും
മനസ്സിന്റെകോണിൽ ആർത്തിരംമ്പുന്നു!



ദേവിക കെ.ടി
മൂന്നാം വർഷ ആംഗലേയ സാഹിത്യം

# SHE DREAMT UNTIL DEATH LOVED HER BACK



She was born with dreams too big for the world that surrounded her. Even as a child, her eyes carried hope, hope of becoming someone, hope of escaping the small cage life had built around her. But fate watched her dreams with cruel patience.

One rainy night, everything was stolen from her. A terrible accident shattered her life into pieces. Her parents died instantly. Her little sister, whose hand she once held tightly, was gone forever. That night, her laughter died too. With nowhere else to go, she was sent to her uncle's house. That house never felt like home. Her uncle spoke little, drowning in his own helplessness. His wife—cold, bitter, and cruel—looked at her like an unwanted shadow. Every meal reminded her she was a burden. Every word cut deeper than silence. Yet, the girl endured. She swallowed her pain and fed her dreams instead. She believed love might save her.

Her first love came like a promise of light. She trusted him with her broken heart, told him her fears, her pain, her dreams. He smiled, held her hands, and then betrayed her without mercy. He cheated on her, walked away, and left her bleeding emotionally. That betrayal crushed her soul. She stopped believing in love, but she did not stop breathing.

College gave her a second chance, both in education and in love. There she met him. He looked at her like she mattered. For the first time, someone listened. He loved her scars as much as her smile. Slowly, she allowed herself to dream again. But society rose like a wall of fire. Their love was inter-caste, and that made it a crime in the eyes of their families. Harsh words, threats, insults, and emotional torture surrounded them. Her uncle's wife cursed her existence.

"You destroyed our honor," she said, again and again.

The girl cried silently at night, hugging her pillow, whispering apologies to a world that never forgave her.

Still, she chose love.

One night, after another brutal argument, after being told she was better off dead, she walked out of the house. Tears blinded her vision, her heart heavy with pain. She just wanted to see him once —one last time. Fate was waiting. A speeding vehicle came like death itself. The impact threw her onto the road. Blood mixed with rain. Her dreams scattered on the asphalt. Her heart, which had suffered so much, finally gave up.

When he arrived, his world collapsed.

She lay there lifeless, her eyes half-open, as if still searching for hope. He fell beside her body, screaming her name, holding her cold hands, begging her to wake up. "I'm here... please open your eyes," he cried. But love could not defeat death. Something inside him died that night.

He stood up slowly, empty, hollow, lifeless though still breathing. He walked away without looking back, carrying her death inside his chest. The road stretched endlessly ahead of him, tears flooding his eyes, memories flashing like knives. Then destiny struck again.

Another accident. Another scream. Another life erased.

By dawn, two bodies lay in different places, but their souls had finally met, free from caste, family, society, and pain. She dreamed too much. He loved too deeply. And the world killed them both. Their story ended not with marriage, not with happiness, but with silence, a silence loud enough to accuse the world forever.



**Muammed Nabeel .A**
Second Year
English Literature





**വിവേക് യു.വി**
രണ്ടാം വർഷ ബി സി എ





**ഫാത്തിമ ജുമാന**
രണ്ടാം വർഷ സമൂഹശാസ്ത്രം

# എന്റെ സ്വർഗ്ഗീയ കലാലയം

പ്ലസ്ടു കഴിഞ്ഞുള്ള കോളേജ് ജീവിതത്തെക്കുറിച്ച് ഓർക്കുമ്പോഴെല്ലാം മനസ്സിലുണ്ടായിരുന്നത് അതുവരെക്കണ്ട സിനിമകളിലെ ക്യാമ്പസ് ജീവിതമായിരുന്നു. ഒരുപാട് വിദ്യാർത്ഥികൾ, വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ, കലാലയരാഷ്ട്രീയം എന്നിങ്ങനെയെല്ലാംകൊണ്ടും സമ്പന്നമായിരുന്നു എന്റെ സങ്കല്പത്തിലുള്ള കലാലയം. എന്നാൽ അതിൽനിന്നെല്ലാം വ്യത്യസ്തമായി വിദ്യാർത്ഥിപ്രസ്ഥാനങ്ങളോ വിദ്യാർത്ഥിരാഷ്ട്രീയമോ അനുവദിക്കാത്ത വളരെക്കുറച്ച് കുട്ടികൾ മാത്രം പഠിക്കുന്ന ഒരു കോളേജിലേക്കാണ് ഞാനെത്തിയത്. എന്റെ പ്രതീക്ഷകൾക്ക് നേരെവിപരീതമായ യാഥാർത്ഥ്യങ്ങളെ അംഗീകരിക്കാൻ എനിക്ക് കുറച്ചധികം സമയം വേണ്ടിവന്നു. അതിനിടയിൽ ട്രാൻസ്ഫറിനുപോലും ഞാൻ ശ്രമിച്ചു. പക്ഷേ പല കാരണങ്ങൾക്കൊണ്ടും അത് നടന്നില്ല. എന്നാൽ എനിക്ക് മറക്കാൻപറ്റാത്ത കുറേ അനുഭവങ്ങളും സൗഹൃദങ്ങളും എനിക്ക് എന്റെ കലാലയം സമ്മാനിച്ചു. സൗഹൃദത്തിന്റെ ആഴം ഞാൻ ശരിക്കുമറിഞ്ഞത് ഇവിടെ ആകെയുണ്ടായിരുന്ന കുറച്ച് വിദ്യാർത്ഥികളിൽനിന്നാണ്. ഇന്ന് ഈ കോളേജിൽ ഞാൻ രണ്ടാം വർഷബിരുദ വിദ്യാർത്ഥിയായി പഠനം തുടരുമ്പോൾ പുതിയൊരു ഉത്തരവാദിത്തംകൂടി എന്നിലുണ്ട്, കോളേജിൽ നിന്നുള്ള യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ (യു. യു. സി) എന്ന സ്ഥാനം.

ഞങ്ങളുടെ കലാലയത്തെ മറ്റുള്ളവയിൽനിന്ന് വ്യത്യാസപ്പെടുത്തുന്നതിൽ മുഖ്യഘടകം അതിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയാണ്. കോളേജിൽ വന്നുതുടങ്ങിയകാലത്ത് റോഡിൽനിന്നും കോളേജിലേക്കുള്ള കയറ്റം വലിയ പ്രശ്നമായി തോന്നിയിരുന്നുവെങ്കിലും കൂട്ടുകാരൊത്ത് ഒന്നിച്ച് കറങ്ങാനും അത്യാവശ്യം എക്സ്പ്ലോർ ചെയ്യാനുമുള്ള ചുറ്റുപാട് കോളേജിന്റെ പരിസരത്തുതന്നെയുണ്ടെന്ന് പിന്നീട് ബോധ്യപ്പെട്ടു. കോളേജു സമയം കഴിഞ്ഞ് കുറച്ചൊന്ന് വൈകിപോയാമതിയെന്നുണ്ടെങ്കിൽ സൂര്യാസ്തമയം കാണാനുള്ള നല്ല നല്ല സ്പോട്ടുകളും ഇവിടെയുണ്ട്. ജൂൺ ജൂലൈ മാസത്തിലും നവംബർ അവസാനം മുതൽ ഡിസംബർ ആദ്യം വരെയുള്ള സമയത്തുമാണ് ക്യാമ്പസ് ഏറ്റവും സുന്ദരമായി എനിക്ക് തോന്നിയിട്ടുള്ളത്.

ഈ രണ്ടുവർഷക്കാലത്തോളമുള്ള കോളേജ് ജീവിതത്തിലെ മറക്കാനാവാത്ത ഒരോർമ്മയാണ് ക്രിസ്തുമസ് അവധിക്കാലത്തുനടന്ന ഞങ്ങളുടെ എൻ. എസ്. എസ് ക്യാമ്പ്. പല ഡിപ്പാർട്ട്മെന്റുകളിൽനിന്നുള്ള വ്യത്യസ്തരായ മുപ്പത്തിനാലു കുട്ടികളാണ് ആ ക്യാമ്പിലുണ്ടായിരുന്നത്. അവിടെയുണ്ടായിരുന്ന ഞങ്ങൾ പലരും അതിനുമുൻപ് തമ്മിലൊന്ന് സംസാരിച്ചിട്ടുണ്ടോ എന്നുവരെ സംശയമാണ്. എന്നാൽ ആ ഏഴു ദിവസങ്ങൾ അവിടെയുണ്ടായിരുന്ന ഞങ്ങൾ മുപ്പത്തിനാലു പേർക്കും ഒരു പുതിയ സൗഹൃദത്തിന്റെ തുടക്കംകൂടിയായിരുന്നു ഒരുപാടുനാളുകൾക്കുശേഷം ഫോൺ മുഴുവനായി മാറ്റിവെച്ചതും പുതിയ ഒരു ജീവിതക്രമം ശീലിച്ചതുമെല്ലാം ഞങ്ങൾക്ക് പുതിയൊരു പാഠമായി. ജീവിതത്തിലെ പല യാഥാർത്ഥ്യങ്ങളെയും പ്രതിസന്ധികളെയും എങ്ങനെ തരണം ചെയ്യണമെന്നുള്ളൊരു ബോധ്യപ്പെടൽ കൂടിയായിരുന്നു അത്. 'Not Me, but You' എന്ന എൻ. എസ്. എസിന്റെ മോട്ടോ എന്താണെന്ന് ഞങ്ങൾ ശരിക്കും ജീവിച്ചറിയുകയായിരുന്നു.

ആകെമൊത്തത്തിൽ കോളേജുതന്നെ വെറുത്ത് ഇവിടെനിന്ന് എത്രയുംപെട്ടെന്ന് രക്ഷപ്പെട്ടാൽമതിയെന്ന് കരുതിയിരുന്ന ഞാൻ ഈ ക്യാമ്പസ് പതുക്കെ പതുക്കെ ഇഷ്ടപ്പെടുകയാണുണ്ടായത്. ഈ ക്യാമ്പസും ഇവിടെ എനിക്ക് എന്തിനും കൂടെയുള്ള എന്റെ കൂട്ടുകാരും പകർന്നുതന്ന സ്നേഹവും ആത്മവിശ്വാസവും ചെറുതല്ല. ജീവിതത്തിലെ തന്നെ മാറ്റിവെക്കാനാവാത്ത ഒരദ്ധ്യായമായി ഇത്രയും നാളുകൾ കൊണ്ടുതന്നെ എനിക്ക് എന്റെ കലാലയം മാറിക്കഴിഞ്ഞു. എന്റെ സ്വർഗ്ഗീയ കലാലയം!



**സായൂജ് എൻ.സി**
യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ



# കുലസ്ത്രീയും ചന്തപ്പെണ്ണും

മലയാളിസ്ത്രീയുടെ മുന്നേറ്റങ്ങൾ പൊതുവേ പുരോഗമനരേഖയായാണ് വരച്ചുകാട്ടാറുള്ളത്. വിദ്യാഭ്യാസം,തൊഴിൽ, നിയമപരമായ അവകാശങ്ങൾ, പൊതുസാന്നിധ്യം എന്നിവയെ അടിസ്ഥാനമാക്കി സ്ത്രീ പിന്നോക്കാവസ്ഥയിൽനിന്ന് മുന്നോട്ട് നീങ്ങുന്നുവെന്ന വിലയിരുത്തൽ വ്യാപകമാണ്. എന്നാൽ ഈ മുന്നേറ്റം എത്രമാത്രം അസന്നിഗ്ധവും സമഗ്രവുമാണ് എന്ന ചോദ്യം ഉന്നയിക്കപ്പെടുമ്പോൾ, സാമൂഹികനിർമ്മിതികളിലെ സങ്കീർണ്ണതകൾ വ്യക്തമായികാണാം. കേരളത്തിലെ സ്ത്രീകൾ യഥാർത്ഥത്തിൽ അനുഭവിച്ച സ്വാതന്ത്ര്യലബ്ധി എന്താണ് എന്ന ചോദ്യം ഇന്നും വ്യക്തമായ ഉത്തരമില്ലാത്തതാണ്. തീർച്ചയായും ചില സാമൂഹികചക്രവാളങ്ങളിൽ വികാസം സംഭവിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് പുതിയ ഇടങ്ങൾ ലഭിക്കുകയും അവരുടെ ശബ്ദം ഉയർന്നുകേൾക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിനൊപ്പംതന്നെ പഴയതും പുതിയതുമായ നിയന്ത്രണബന്ധങ്ങളും കൂടുതൽ ശക്തമായി പുനർനിർമ്മിക്കപ്പെട്ടു. അതിനാൽ, സ്ത്രീശാക്തീകരണത്തെ സ്വതവേ സ്ത്രീവിമോചനമായി വായിക്കുന്നത് വിമർശനാത്മകമായി പരിശോധിക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിലാണ് സാമൂഹ്യചിന്തകയായ ജെ. ദേവിക അവതരിപ്പിച്ച കുലസ്ത്രീ - ചന്തപ്പെണ്ണ് എന്ന രൂപകത്തിന്റെ പ്രസക്തിയേറുന്നത്. കുലസ്ത്രീ നന്മയും സംസ്കാരവും ശീലങ്ങളും പ്രതിനിധീകരിക്കുന്നതും യഥാർത്ഥത്തിൽ അഭിപ്രായസ്വാതന്ത്ര്യമില്ലാത്ത, സ്വത്വബോധമില്ലാത്ത, ദൈനംദിനജീവിതത്തിലെ അടിസ്ഥാന തീരുമാനങ്ങൾപോലുമെടുക്കാൻ കഴിയാത്ത, നിയന്ത്രണങ്ങളാൽ ചുരുക്കപ്പെട്ട സ്ത്രീയാണ്. ചന്തപ്പെണ്ണ് ആത്മാഭിമാനത്തോടെ അധ്വാനിക്കുകയും, തന്റെയും തന്റെ കുടുംബത്തിന്റെയും ജീവിതം പടുത്തുയർത്താൻ പൊതുവിടത്തിലെത്തുകയും, സ്വാതന്ത്ര്യത്തെ തിരിച്ചറിയുകയും ചെയ്യുന്ന സ്ത്രീയായിരുന്നു. എന്നാൽ കാലക്രമേണ പ്രത്യേകിച്ച് ആധുനികതയുടെ പുതിയ ആശയങ്ങൾ രൂപപ്പെടുന്ന ഘട്ടത്തിൽ, ഈ പദം ബോധപൂർവ്വം ന്യൂനീകരിക്കപ്പെട്ട രീതിയിലേക്ക് മാറ്റപ്പെട്ടു. ഇത് ഭാഷയിലൂടെ നടക്കുന്ന സൂക്ഷ്മമായ ഒരു രാഷ്ട്രീയ ഇടപെടലാണ്.

മലയാളിസ്ത്രീയുടെ മുന്നേറ്റത്തെ വിലയിരുത്തുമ്പോൾ രണ്ട് മേഖലകളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ അനിവാര്യമാണ്. ഒന്നാമതായി ഉപജീവനവും സാമ്പത്തികസ്വാതന്ത്ര്യവും. സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം നല്കുന്നുവെന്നപേരിൽ നടപ്പാക്കുന്ന പല ഇടപെടലുകളും, അവരെ വ്യവസ്ഥാപിത കുടുംബഘടനകളിൽ കൂടുതൽ ദൃഢമായി പൂട്ടിക്കൊണ്ടാണ് ആരംഭിക്കുന്നത്. പ്രത്യക്ഷത്തിൽ സ്ത്രീയുടെ തുല്യത അംഗീകരിക്കപ്പെടുമ്പോഴും, കുടുംബത്തിനുള്ളിലെ പിതൃസത്താധിഷ്ഠിത പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം ചോദ്യം ചെയ്യപ്പെടുന്നില്ല. ആദ്യകാലം മുതൽതന്നെ സ്ത്രീകളുടെ ജീവിതത്തിൽ സാമൂഹിക മാറ്റങ്ങളുടെ സ്വാധീനം കാണാം. ആഗോളീകരണത്തിന്റെ കാലഘട്ടത്തിൽ ലിബറൽ ആശയങ്ങൾ സ്ത്രീകൾക്ക് പുതിയ തൊഴിലവസരങ്ങൾ ഒരുക്കിയെങ്കിലും, അവരുടെ ജോലി പലപ്പോഴും വ്യക്തിഗത സ്വാതന്ത്ര്യമായി മാറാതെ, കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഉത്തരവാദിത്വമായി മാത്രം ചുരുങ്ങുന്ന അവസ്ഥ ഇന്നും നിലനിൽക്കുന്നു.

രണ്ടാമതായി, ലൈംഗികതയെയും ലൈംഗികവ്യത്യസ്തതയെയുംകുറിച്ചുള്ള സമീപനം. ലൈംഗികതയെ ഒരു സാമൂഹിക പ്രശ്നമായി മാത്രം കാണുന്ന നിലപാടിൽനിന്നുമാറി, അതിനെ ജീവിതത്തിന്റെ യാഥാർത്ഥ്യമായി അംഗീകരിക്കുന്ന ഒരു മനോനില രൂപപ്പെടേതുണ്ട്. സ്ത്രീകളുടെ ലൈംഗികാവകാശങ്ങളും ലൈംഗികാവിഷ്ക്കാരസ്വാതന്ത്ര്യവും നൈതിക നിയന്ത്രണങ്ങളുടെ പരിധിയിൽ പൂട്ടാതെ, രാഷ്ട്രീയവും സാമൂഹികവുമായ അവകാശങ്ങളായി ചർച്ചചെയ്യപ്പെടണം. ഈ മാറ്റം സ്ത്രീവാദികൾ ഉൾപ്പെടെ സാമൂഹികമുന്നേറ്റത്തിൽ താത്പര്യമുള്ള എല്ലാ കക്ഷികളുടെയും ചിന്തയിൽ പ്രതിഫലിക്കേണ്ടതാണ്.

കേരളത്തിലെ സ്ത്രീപ്രസ്ഥാനം നേടിയ നേട്ടങ്ങൾ നിസ്സാരമല്ല. കൂടുതൽ സാമൂഹികയിടങ്ങളിലേക്കുള്ള പ്രവേശനം, കൂടുതൽ ചലനസ്വാതന്ത്ര്യം, കൂടുതൽ തിരഞ്ഞെടുപ്പുകൾ എന്നിവ അതിന്റെ ഭാഗമാണ്. എന്നാൽ ചില പ്രധാന സമരങ്ങൾ പ്രത്യേകിച്ച് ലൈംഗികാതിക്രമത്തിനെതിരെയുള്ള പോരാട്ടങ്ങൾ, സ്ത്രീകളുടെ ലൈംഗികാവകാശങ്ങളെ മുൻനിർത്തുന്ന രാഷ്ട്രീയമായി അവതരിപ്പിക്കപ്പെടാതെ, 'ഉചിതവും നീതിയുക്തവുമായ സർക്കാർ നടപടി' എന്ന ലക്ഷ്യത്തിലേക്ക് ചുരുക്കപ്പെട്ടതും വിമർശനാത്മകമായി പരിശോധിക്കേണ്ടതാണ്. ഇതിലൂടെ സ്ത്രീയുടെ അവകാശങ്ങളെക്കാൾ കൂടുതൽ പ്രാധാന്യം അവളുടെ സംരക്ഷണത്തിന് നൽകുകയും, അതിന്റെ ഉത്തരവാദിത്വം ഭരണകൂടത്തിൽ നിക്ഷേപിക്കുകയും ചെയ്യുന്ന സമീപനം ശക്തിപ്പെടുന്നു.

പിതൃമേധാവിത്തം ശക്തമായി തുടരുന്ന കേരളത്തിൽ, സ്ത്രീപ്രസ്ഥാനത്തിന് നിർണ്ണായകമായ പ്രാധാന്യമുണ്ട്. പരസ്പരവിയോജിപ്പുകൾ നിലനിൽക്കുമ്പോഴും, അസമത്വങ്ങളെ ചോദ്യംചെയ്യാനും വ്യവസ്ഥിതിയെ ജനാധിപത്യവത്ക്കരിക്കാനും ആഗ്രഹിക്കുന്ന കൂട്ടായ്മകൾ ചേർന്നുനില്ക്കാനുള്ള സാധ്യതകൾ തിരിച്ചറിയേണ്ടതുണ്ട്. കുലസ്ത്രീയും ചന്തപ്പെണ്ണും പോലുള്ള അടയാളങ്ങൾക്കപ്പുറം, സ്ത്രീയെ ഒരു സമ്പൂർണ്ണ മനുഷ്യനായി കാണുന്ന സാമൂഹികഭാവനയാണ് മുന്നോട്ടുള്ള വഴിയെ നിർണ്ണയിക്കേണ്ടത്.



**നന്ദിയ**
അസിസ്റ്റന്റ് പ്രൊഫസർ
സമൂഹശാസ്ത്രവിഭാഗം







**അഞ്ചുദാസ്**
അസിസ്റ്റന്റ് പ്രൊഫസർ കോമേഴ്സ്



**മുഹമ്മദ് ഷംനാസ് സി**
മൂന്നാം വർഷ ബി സി എ



# पहचान की तलाश



वह खुद को भूलकर
दूसरों की दुनिया में जीती रही,
सबके लिए सहारा बनती रही।

पर धीरे-धीरे वह खुद को खोती गई,
अपने ही सपनों से दूर होती गई,
अपनी आवाज़ को खामोशी में ढालती गई।

हर दिन उसने अपने सपनों को
उनके जीवन में घुलते देखा,
और अपनी इच्छाओं को मिटते देखा।

चेहरे पर मुस्कान सजी रही,
पर भीतर के सवाल
दम तोड़ते रहे।

आँसुओं को उसने संयम कहा,
पीड़ा को मर्यादा समझ लिया,
और चुप रहना ही जीवन मान लिया।

फिर एक दिन वही लोग
उससे पूछ बैठे—
"तुमने अब तक क्या किया?"

"तुम्हारी पहचान क्या है?"
इन शब्दों ने उसे भीतर तक तोड़ दिया,
पर उसकी आँखों से आँसू नहीं गिरे।

उसने अपनी आत्मा की आग जगाई,
गहरी नींद से उठी आभा-सी,
अपने अस्तित्व को पुकारती हुई।

अब वह केवल उनके लिए नहीं,
बल्कि अपने लिए भी जीती है,
अपने सपनों को सच करने के लिए।

वह अपने जीवन का कानून खुद लिखती है,
बिना अनुमति, बिना भय आगे बढ़ती है,
हर कदम पर अपनी शक्ति पहचानती है।

अब पहचान उसकी आवाज़ है,
उसका अधिकार है,
उसकी आत्मा की चमक है



**Sanila.T**
Assistant Professor
Department of Hindi

# പ്രകൃതിക്ഷോഭങ്ങൾ മനുഷ്യനോട് പറയുന്നത്

മനുഷ്യന്റെ പ്രകൃതിയോടുള്ള സമീപനം ശരിയല്ല എന്ന മുന്നറിയിപ്പാണ് ഓരോ പ്രകൃതിക്ഷോഭങ്ങളും നൽകുന്നത്. നിരന്തരമായ ചൂഷണത്തിന് ഇരയാകുമ്പോൾ പ്രകൃതി തന്നെ പല ദുരന്തങ്ങളിലൂടെ പ്രതികരിക്കുന്നു. മനുഷ്യൻ പ്രകൃതിയുടെ അധിപനല്ല, മറിച്ച് പ്രകൃതിയുടെ ഒരു ചെറിയ ഭാഗം മാത്രമാണെന്ന സത്യം ഇവ ഓർമ്മിപ്പിക്കുന്നു. ആധുനികകാലഘട്ടത്തിൽ വ്യവസായവൽക്കരണം, നഗരവൽക്കരണം, ഉപഭോഗസംസ്കാരം തുടങ്ങിയ മാറ്റങ്ങളിലൂടെ മനുഷ്യൻ പ്രകൃതിയെ കീഴടക്കാനുള്ള ശ്രമത്തിലാണ് എന്നാൽ തന്മൂലം പ്രകൃതിയുടെ സ്വാഭാവിക സന്തുലനം നഷ്ടപ്പെടുകയും ഇത് വിവിധ പ്രകൃതിക്ഷോഭങ്ങളിലേക്ക് നയിക്കുകയും ചെയ്യും. പ്രളയം, ഭൂകമ്പം, ചുഴലിക്കാറ്റ്, വരൾച്ച, ഉരുൾപൊട്ടൽ, കാട്ടുതീ തുടങ്ങിയവ മനുഷ്യന് ലഭിക്കുന്ന ശക്തമായ മുന്നറിയിപ്പുകളായിവേണം കാണാൻ.

പ്രകൃതിയിൽ സംഭവിക്കുന്ന അത്യന്തം ശക്തമായ വ്യതിയാനങ്ങളെയാണ് പ്രകൃതി ക്ഷോഭങ്ങൾ എന്ന് പറയുന്നത്. ചിലത് സ്വാഭാവിക ചലനങ്ങളുടെ ഭാഗമായിരിക്കുമ്പോൾ മറ്റു പലതും മനുഷ്യന്റെ ഇടപെടലുകളുടെ ഫലമായി കൂടുതൽ രൂക്ഷമാകുന്നു. ഭൂകമ്പങ്ങൾ, കാലാവസ്ഥാവ്യതിയാനങ്ങൾ മൂലമുള്ള പ്രളയങ്ങൾ, വരൾച്ചകൾ, ചുഴലിക്കാറ്റുകൾ എന്നിവ എല്ലാം പ്രകൃതിയുടെ ശക്തി മനുഷ്യനെ ഓർമ്മിപ്പിക്കുന്നു.

പ്രകൃതിക്ഷോഭങ്ങൾ പൂർണമായും സ്വാഭാവികമായി സംഭവിക്കുന്നൊരു പ്രക്രിയയാണെന്ന് കരുതുന്നത് തെറ്റായ സമീപനമാണ്. വനനശീകരണം, നദികളിലെ മണൽ ഖനനം, വയലുകളും ചതുപ്പുകളും നികത്തൽ, വ്യവസായസംരംഭങ്ങളിലെ മാലിന്യങ്ങൾ വലിയതോതിൽ പ്രകൃതിയിലേക്ക് പുറംതള്ളുന്നത് തുടങ്ങിയവ പ്രകൃതിയുടെ സ്വാഭാവികമായ കരുത്തിനെ ഇല്ലാതാക്കുന്നു. ഉദാഹരണമായി, വനനശീകരണം മൂലം മണ്ണിന്റെ സ്വാഭവികമായ ഈർപ്പം നിലനിർത്താനുള്ള കഴിവ് കുറയുകയും അതുവഴി ഉരുൾപൊട്ടലുകളും പ്രളയങ്ങളും വർധിക്കുകയുമാണ്. മനുഷ്യന്റെ നിത്യജീവിതത്തിലെ പല വസ്തുക്കളുടെയും ഉപയോഗത്തിന്റെ ഫലമായി പുറംതള്ളുന്ന ഹരിതഗ്രഹവാതകങ്ങൾ കാരണമാണ് കാലാവസ്ഥാവ്യതിയാനം പോലുള്ള വലിയ പ്രശ്നങ്ങൾ രൂപപ്പെടുന്നത്.

പ്രകൃതിക്ഷോഭങ്ങൾ മനുഷ്യസമൂഹത്തിൽ ഗുരുതരമായ സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയ അടിസ്ഥാന മേഖലകളിലെല്ലാംതന്നെ ദുരന്താനന്തര കാലഘട്ടത്തിൽ പ്രതിസന്ധി നേരിടുന്നു. ഇതുകാരണം വികസനം എന്ന ആശയംതന്നെ എങ്ങനെ പ്രാവർത്തികമാക്കണം എന്നത് ഒരു ചോദ്യചിഹ്നമായി മാറുന്നു. കേരളം കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി തുടർച്ചയായി പ്രളയങ്ങളും ഉരുൾപൊട്ടലുകളും തുടങ്ങി പ്രകൃതിയുടെ പല പരീക്ഷണങ്ങളും നേരിട്ട സംസ്ഥാനമാണ്. പ്രകൃതിയോടുള്ള മനുഷ്യന്റെ സമീപനത്തിൽ മാറ്റംവരുത്തേണ്ടതാണ് എന്നുള്ള ശക്തമായ ഓർമ്മപ്പെടുത്തലാണ് ഇത്തരത്തിലുള്ള ദുരന്തങ്ങൾ.

പ്രകൃതിവിഭവങ്ങളുടെ കൃത്യവും നിയന്ത്രിതവുമായ ഉപയോഗമാണ് വേണ്ടത് എന്ന ബോധ്യമാണ് മനുഷ്യനിൽ ആദ്യം വന്നുചേരേണ്ടത്. വികസനം എന്ന ആശയത്തെ ഇതിലൂടെ പുനർനിർമ്മിക്കേണ്ടതുണ്ട്. പ്രകൃതിയുടെ ശേഷിയെ മാനിച്ചുള്ള വികസന ആസൂത്രണത്തിന് ഈ ചിന്ത സഹായകമാകുന്നു. ഇതിലൂടെ സുസ്ഥിര വികസനം എന്ന ആശയം കൂടുതൽ വ്യക്തതയോടെ പ്രാവർത്തികമാക്കാൻ കഴിയുന്നു. സുസ്ഥിരവികസനം എന്ന ആശയം

ഇന്നത്തെ കാലഘട്ടത്തിൽ അത്യന്തം പ്രസക്തമാണ്. ഇപ്പോഴത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം ഭാവിതലമുറയുടെ ആവശ്യങ്ങൾക്കും കുറവുവരാതെ പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കപ്പെടണം എന്ന വീക്ഷണമാണ് സുസ്ഥിരവികസനത്തിന്റെ അടിസ്ഥാനം. പ്രകൃതിക്ഷോഭങ്ങൾ കുറയ്ക്കുന്നതിൽ വിദ്യാഭ്യാസത്തിലൂടെയുള്ള ബോധവത്കരണത്തിന് വലിയ പങ്കുണ്ട്. കുട്ടികളിൽ തന്നെ പ്രകൃതിയോടുള്ള സ്നേഹവും സംരക്ഷണമനോഭാവവും വളർത്തണം. സ്കൂൾകോളേജ് തലങ്ങളിൽ പാരിസ്ഥിതികവിദ്യാഭ്യാസം ശക്തമാക്കണം. മാധ്യമങ്ങൾക്കും സാമൂഹികസംഘടനകൾക്കും ഇതിൽ നിർണ്ണായക പങ്കുണ്ട്.

ആധുനിക ശാസ്ത്രസാങ്കേതികവിദ്യകൾ പ്രകൃതിക്ഷോഭങ്ങളുടെ ആഘാതം കുറയ്ക്കാൻ സഹായകരമാണ്. കാലാവസ്ഥാപ്രവചനസംവിധാനങ്ങൾ, ദുരന്തനിവാരണപദ്ധതികൾ തുടങ്ങിയവ വലിയ നാശങ്ങൾ കുറയ്ക്കാൻ സഹായകമാകുന്നു. ആധുനികസാങ്കേതികവിദ്യയെ മനുഷ്യനും പ്രകൃതിയ്ക്കും സഹായകമാകുന്ന വിധത്തിൽ ഉപയോഗിക്കാം എന്നതിന്റെ ഉദാഹരണങ്ങളാണ് ഇവയെല്ലാം.

പ്രകൃതിക്ഷോഭങ്ങൾ മനുഷ്യരിൽ ഐക്യബോധവും സഹാനുഭൂതിയും വളർത്തുന്ന സംഭവങ്ങളുണ്ടായിട്ടുണ്ടെന്ന് പറയാതെ വയ്യ. ദുരന്തസമയങ്ങളിൽ മനുഷ്യൻ മനുഷ്യനുവേണ്ടി കൈകോർക്കുന്നത് കാണാം. സർക്കാർ സംവിധാനങ്ങളോടൊപ്പംചേർന്ന് വിവിധ സംഘടനകളും വിഭാഗീതയൊന്നും കൂടാതെ രക്ഷാപ്രവർത്തനങ്ങളിൽ പങ്കുചേരുന്നത് മനുഷ്യർ തമ്മിലുള്ള സാഹോദര്യത്തിന്റെ തെളിവാണ്.



**ശ്വേത. പി**
ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ്



# WHITE CANVAS

Night's darkness has fallen, yet my soul remains lost in thought,
A white canvas, long abandoned, gathering dust.
But today, the urge to create has stirred within,
Memories hidden deep, yearning to be brought to light.

In my art, I've captured moments, emotions, and whispers,
Translating the echoes of my heart onto the canvas's breath.
Yet, somewhere along the way, memories slipped away,
Leaving me with a blank page, and a longing to recall the past.

Today, I seek to reclaim them, let them unfurl,
Let my white canvas bloom with memories, like petals of gold.
Let the brushstrokes dance, let colours weave and tell,
The stories of what once was, and what still dwells within me, unbroken.





**Devika K.T.**
Third Year English Literature

# അതിരുകൾക്കപ്പുറം ഞാൻ



കണ്ണാടിക്ക് മുന്നിൽ ഞാൻ
എന്നെ തന്നെയായിരുന്നു തിരഞ്ഞത്,
പരിഹാസങ്ങളുടെ മൗനം ചോദിച്ചു
'നീ ആരാണ്?"
വെറുപ്പിന്റെ വഴി ചൂണ്ടിയ സമൂഹം,
കരുണ മറന്ന നഗരങ്ങളിൽ,
ചവിട്ടിത്തെറിപ്പിച്ച സ്വപ്നങ്ങൾക്കിടയിൽ
ഞാൻ വീണില്ല...
ഉയരാൻതന്നെയാണ് പഠിച്ചത്.
വേഷമല്ല ഞാൻ,
പേരുമല്ല,
എന്റെ ധൈര്യമാണ്
എന്റെ സ്വത്വം.
വേദന പഠിപ്പിച്ച പാഠങ്ങൾ
എന്റെ നട്ടെല്ലായി മാറി,
ഒഴിവാക്കലുകളുടെ നടുവിൽ
സ്വയം കണ്ടെത്തിയ
ഒരു സത്യസ്വരം ഞാൻ.
ആൺപെൺ അതിരുകൾക്കപ്പുറം
മനുഷ്യനെന്ന സത്യം മാത്രം,
നിനക്കും എനിക്കും
ഒരേ ഹൃദയമിടിപ്പ്
വ്യത്യാസം
ഭയത്തിനുള്ള പേരാണ്.
എന്നെ അംഗീകരിക്കണം
ദയയായി അല്ല,
ഈ ഭൂമിയിൽ നിലകൊള്ളാനുള്ള
എന്റെ അവകാശമായി.
ഞാൻ ഒരു ചോദ്യം അല്ല,
ഒരു ആശയക്കുഴപ്പം കൂടിയല്ല,
ഈ സമൂഹം പഠിക്കേണ്ട
ഒരു ഉത്തരമാണ്
ഇര.



അതിഥ ഷാജി. എൻ
മൂന്നാം വർഷ കൊമേഴ്സ്

# नशे का सच

**गाँव** की संकरी गलियों में एक छोटा-सा घर था, जहाँ सपने गरीबी से बड़े थे। उसी घर में पला-बढ़ा था रोहन। पढ़ाई में तेज़, स्वभाव से शांत और आँखों में चमक लिए वह पूरे गाँव की उम्मीद था। उसकी माँ अक्सर पड़ोसियों से कहती, "मेरा बेटा एक दिन बहुत बड़ा इंसान बनेगा।" पिता चुपचाप मुस्कुरा देते और भीतर ही भीतर अपने अधूरे सपने बेटे में पूरा होते देखते।

कॉलेज में दाख़िला रोहन के जीवन का नया अध्याय था। शुरुआत में सब कुछ अच्छा लगा—नए दोस्त, नई आज़ादी, नया माहौल। एक दिन दोस्तों ने हँसते हुए सिगरेट बढ़ाई।

"अरे, एक बार से क्या होता है?"

रोहन ने थोड़ी झिझक के बाद सिगरेट ले ली। उसने सोचा, बस आज... फिर कभी नहीं।
लेकिन वह "आज" धीरे-धीरे रोज़ में बदल गया।

सिगरेट से शराब, और शराब से नशे की गहराई तक उसका सफ़र शुरू हो चुका था। पढ़ाई पीछे छूटने लगी। घर लौटने में देर होने लगी। बात-बात पर गुस्सा आने लगा।

माँ जब पूछती, "बेटा, सब ठीक है न?"
वह मुस्कुरा कर कह देता, "हाँ माँ, सब ठीक है।"

पर सच यह था कि उसके भीतर सब कुछ बिखर रहा था।
नशा उसके शरीर से ज़्यादा उसके रिश्तों को खा रहा था। पिता की आँखों में चिंता बस गई थी। माँ रात भर दरवाज़े की आहट सुनती रहती। घर में तनाव बढ़ता गया। एक दिन रोहन ने हद पार कर दी—उसने घर का ज़रूरी सामान बेच दिया, सिर्फ़ अपने नशे के लिए।

उस दिन माँ ने कुछ नहीं कहा।

बस उसकी आँखों में इतना दर्द था कि रोहन उनसे नज़र नहीं मिला सका।

लेकिन नशे की पकड़ इतनी मज़बूत थी कि वह खुद को रोक नहीं पाया।
और फिर वह रात आई, जिसने सब कुछ बदल दिया।

रोहन लड़खड़ाते कदमों से सड़क पार कर रहा था। दिमाग़ धुंधला था। अचानक तेज़ रोशनी... ब्रेक की आवाज़... और सब कुछ अंधेरा।

जब होश आया तो वह अस्पताल के बिस्तर पर था। शरीर पर पट्टियाँ थीं। सामने माँ बैठी थी—सूजी हुई आँखें, काँपते हाथ। पिता खामोशी से खड़े थे, जैसे सालों में बूढ़े हो गए हों।

माँ ने उसका हाथ पकड़कर बस इतना कहा—
"बेटा, हमें तुम्हें खोना नहीं है... लौट आओ।"

उस पल रोहन की आँखों से आँसू बह निकले। पहली बार उसे एहसास हुआ कि नशा सुकून नहीं, सिर्फ़ विनाश है। उसने अपने माता-पिता की उम्मीदों को, अपने सपनों को और अपने जीवन को धीरे-धीरे बर्बाद किया था।

इलाज आसान नहीं था। शरीर की तकलीफ़ से ज़्यादा मन की लड़ाई कठिन थी। कई बार वह टूटता, कई बार हार मानने का मन करता। लेकिन इस बार वह अकेला नहीं था। परिवार उसके साथ खड़ा था। काउंसलिंग शुरू हुई। धीरे-धीरे उसने नशे से दूरी बनानी शुरू की।

समय लगा, पर बदलाव आया।

आज रोहन फिर से कॉलेज जाता है। उसकी आँखों में खोई हुई चमक लौट आई है। अब वह दूसरों को चेतावनी देता है—

"नशा कभी दोस्त नहीं होता। यह धीरे-धीरे सब कुछ छीन लेता है।"
उसने अपनी गलती से सीखा कि जीवन कितना कीमती है।



Nivedya C.P
First Year Commerce

# ലഹരി യുവതലമുറയെ കുരുക്കുമ്പോൾ

ഒരു സമൂഹത്തിന്റെ ചലനശക്തിയും രാജ്യത്തിന്റെ ഭാവിയും തീരുമാനിക്കുന്നതിൽ യുവതലമുറയുടെ പങ്ക് നിർണ്ണായകമാണ്. എന്നാലിന്ന് യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ഉപയോഗം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യം ഒരു കൗതുകത്തിന് ഉപയോഗിച്ചുതുടങ്ങുകയും പിന്നീട് അവരുടെ ശരീരത്തെയും ചിന്താഗതിയെയും വലിയ രീതിയിൽ ഇത് മോശമായി ബാധിക്കുകയും ചെയ്യുന്നു. യുവാക്കളിലെ ഈ വിധത്തിലുള്ള പരീക്ഷണ കൗതുകം അവരെ വളരെ മോശപ്പെട്ട ഒരവസ്ഥയിലേയ്ക്ക് കൊണ്ടത്തെിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്.

വർത്തമാനകാലത്തിൽ മനുഷ്യന്റെ ജീവിതസാഹചര്യവും ജീവിതരീതികളും മുൻപപേക്ഷിച്ച് ഏറെ മാറിയിട്ടുണ്ട്. അതോടൊപ്പം പുത്തൻ ചില ലഹരി വസ്തുക്കളും സമൂഹത്തിൽ ഇടം പിടിച്ചിട്ടുള്ളതായി കാണാം. ഹെറോയിൻ, ബ്രൗൺ ഷുഗർ, കഞ്ചാവ്, സിന്തറ്റിക് ഡ്രഗ്ഗുകൾ തുടങ്ങിയ മയക്കുമരുന്നുകളും ഇന്ന് യുവാക്കൾക്കിടയിൽ സുലഭമാണ്. സോഷ്യൽമീഡിയയിലും സിനിമകളിലുമുള്ള ലഹരിവസ്തുക്കൾ ഉപയോഗി ച്ചുകൊണ്ടുള്ള ആവിഷ്ക്കാരങ്ങൾ യുവാക്കളെ അതിലേക്ക് ആകർഷിക്കുന്നു. ഇന്നത്തെക്കാലത്ത് മനുഷ്യ ബന്ധങ്ങളിലെ സങ്കീർണ്ണതയും സ്വാർത്ഥതാത്പര്യത്തോടുകൂടി പ്രവർത്തിക്കുന്ന സമൂഹവും യുവാക്കളിലെ മാനസികസമ്മർദ്ദത്തിന് കാരണമാകുന്നു. അതിൽനിന്നുള്ള താത്കാലിക മുക്തിയ്ക്കുവേണ്ടിയാണ് വലിയൊരു വിഭാഗം യുവാക്കളും ലഹരിയെ ആശ്രയിക്കുന്നതെന്ന് കരുതേണ്ടിയിരിക്കുന്നു. എന്നാൽ ഇത് പിന്നീട് തിരിച്ചു വരാൻ കഴിയാത്ത ഒരു അടിമത്തത്തിലേക്കാണ് അവരെ നയിക്കുന്നത്.

ലഹരി മനുഷ്യനെ മാനസികമായും ശാരീരികമായും തളർത്തുന്നു. ശരീരത്തിന്റെ പ്രതിരോധശേഷി കുറയ്ക്കുകയും ഓർമ്മശക്തിയെയും ചിന്താശേഷിയെയുമെല്ലാം ലഹരി വളരെയധികം ബാധിക്കുകയും ചെയ്യുന്നു. ഇത് മാനസികസമ്മർദ്ദം, നിരാശ, അക്രമാസക്തി, ആത്മഹത്യാപ്രവണത എന്നിവയിലേക്കും കൊണ്ടെത്തിക്കുന്നു. കുറ്റകൃത്യങ്ങളിലും സമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുന്ന ലഹരിയ്ക്ക് അടിമയായ യുവാക്കളുടെ എണ്ണം ക്രമാധീതമായി വർദ്ധിക്കുന്നതായി കാണാം. കുടുംബബന്ധങ്ങളുടെ ശിഥി ലീകരണത്തിനും ഇത് കാരണമാകുന്നു. ലഹരിയുപയോഗത്തിന്റെ പാർശ്വഫലങ്ങൾ വ്യക്തിയിലൊതുങ്ങുന്നതല്ല എന്നതാണ് അതിന്റെ യാഥാർത്ഥ്യം. ചിലപ്പോൾ ഒരു കുടുംബത്തിന്റെ മുഴുവൻ പ്രതീക്ഷകളെതന്നെയും തകർക്കാൻ ലഹരി കാരണമാകുന്നു. അക്രമവും കുറ്റകൃത്യങ്ങളും വർദ്ധിക്കുന്നതിലൂടെ സമൂഹവും രാഷ്ട്രവും വലിയ നഷ്ടമാണ് നേരിടുന്നത്. യുവതലമുറയുടെ ഊർജ്ജവും കഴിവും നഷ്ടപ്പെടുന്നത് രാജ്യത്തിന്റെ വികസ നത്തെ തന്നെ പ്രതികൂലമായി ബാധിക്കുന്നു.

ഈ സാഹചര്യത്തിൽ ലഹരിക്കെതിരെയുള്ള പോരാട്ടം എല്ലാവരുടെയുംകൂടി ഉത്തരവാദിത്വമാണ്. രക്ഷകർത്താക്കൾ കുട്ടികളുമായി തുറന്ന ആശയവിനിമയം നടത്തുകയും അവരുടെ പ്രശ്നങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും വേണം. സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ വിദ്യാഭ്യാസവും ബോധവത്കരണ പരിപാടി കളും ശക്തമാക്കണം. യുവാക്കളുടെ മാനസികാരോഗ്യം സംരക്ഷിക്കാൻ കൗൺസലിംഗ് സെന്ററുകളും

പുനരധിവാസ സംവിധാനങ്ങളും സജീവമാക്കണം. കായികം, കല, സാഹിത്യം, സാമൂഹ്യസേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ യുവജനതയുടെ പങ്കാളിത്തം ലഹരിയിൽനിന്ന് അവരെ അകറ്റിനിർത്തുന്നു. അതോടൊപ്പം ലഹരിക്കടത്തും വിതരണവും നടത്തുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കേണ്ടതും അനിവാര്യമാണ്.

ചുരുക്കിപറഞ്ഞാൽ ലഹരി യുവതലമുറയെ കുരുക്കുമ്പോൾ അത് ഒരു വ്യക്തിയുടെ പരാജയം മാത്രമല്ല, സമൂഹത്തിന്റെ തന്നെ വീഴ്ചയാണ്. സ്നേഹവും ബോധവത്കരണവും നിയന്ത്രണവും ഒരുപോലെ പ്രയോഗിച്ചാൽ മാത്രമേ ഈ സാമൂഹ്യവിപത്തിനെ മറികടക്കാൻ കഴിയൂ. ആരോഗ്യകരവും ഊർജ്ജസ്വലവുമായ യുവതലമുറയാണ് ഒരു ശക്തമായ രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. ആ സമ്പത്തിനെ സംരക്ഷിക്കുക എന്നത് നമ്മളോരോരുത്തരുടെയും ഉത്തരവാദിത്തമാണ്.



**വൈഷ്ണവി ബി**
ഒന്നാം വർഷ കൊമേഴ്സ്

# ട്രെൻഡുകൾ നിശ്ചയിക്കുന്ന ഇൻഫ്ലുവെൻസർ ശക്തി: നവമാധ്യമ പരസ്യങ്ങളുടെ വിപണനതന്ത്രം

**എ**ന്തിനുവേണ്ടിയും ആദ്യം സോഷ്യൽമീഡിയയെ ആശ്രയിക്കുന്നൊരു സാഹചര്യമാണ് ഇന്നുള്ളത്. എന്ത് വാങ്ങണം, എന്ത് പരീക്ഷിക്കണം, എന്താണ് ഇപ്പോഴത്തെ ട്രെൻഡ് എന്നെല്ലാം നമുക്ക് പറഞ്ഞുതരുന്നത് ഫോണിലെ സ്ക്രീനാണ്. ഈ സാഹചര്യത്തിലാണ് സോഷ്യൽമീഡിയ പരസ്യങ്ങളും ഇൻ**ഫ്ലുവെൻ**സർമാരും നമ്മുടെ തീരുമാനങ്ങളെ നിയന്ത്രിക്കുന്ന പ്രധാനശക്തിയായി മാറുന്നത്. സോഷ്യൽമീഡിയ **ഇൻഫ്ലുവെൻസർ** എന്നത് ഇന്ന് അംഗീകരിക്കപ്പെടുന്ന ഒരു തൊഴിലായിത്തന്നെ മാറിയിട്ടുണ്ട്. സ്വജീവിതത്തിലെ വളരെ സാധാരണമായ സംഭവങ്ങളെ സ്വയം പറയുന്ന കഥകളുടെയോ പാട്ടുകളുടെയോ അകമ്പടിയോടെ വളരെ ആകർഷകമായ രീതിയിൽ ഇക്കൂട്ടർ അവതരിപ്പിക്കുന്നു. മറ്റ് മാധ്യമങ്ങളിൽനിന്നു വ്യത്യസ്തമായി വ്യക്തിപരവും വളരെ നിഷ്ക്കളങ്കമെന്നുതോന്നിക്കുന്നതുമായ ഈ അവതരണം സ്വന്തം വീട്ടിലെ ഒരംഗത്തെപോലെയുള്ള പ്രതീതിയാണ് അവർക്ക് നേടിക്കൊടുക്കുന്നത്. അത് ഇത്തരം വീഡിയോകളുടെ താഴെവരുന്ന കമന്റുകളിൽ നിന്നുതന്നെ നമ്മുക്ക് മനസ്സിലാക്കാം.

പരമ്പരാഗത പരസ്യങ്ങളുടെ രീതിയിൽനിന്നുമാറി സോഷ്യൽമീഡിയ പരസ്യങ്ങൾ വ്യക്തിഗതമായാണ് ആളുകളെ സമീപിക്കുന്നത്. 'ഇത് ഞാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതാണ് ', 'എനിക്ക് നല്ല ഫലം കിട്ടുന്നുണ്ട് ' എന്നിങ്ങനെ **ഇൻഫ്ലുവെൻസർമാർ** ഉറപ്പുപറയുമ്പോൾ സ്ക്രീനിനുതാഴെ പെയ്ഡ് പ്രൊമോഷനാണെന്നുള്ള സൂചന നല്കിയിട്ടുണ്ടെങ്കിൽപോലും അത് പരസ്യമാണെന്നുള്ള ബോധ്യം പലർക്കും ഉണ്ടാകാറില്ല, മറിച്ച് നമ്മുക്കത്രയും പരിചയമുള്ളതും പ്രിയപ്പെട്ടതുമായ ഒരാൾവന്നു പറയുന്നതിലുള്ള വിശ്വാസ്യത ഈ പരസ്യം നേടുകയും ചെയ്യുന്നു. അങ്ങനെ പ്രസ്തുത ഉല്പന്നം മാറ്റിനിർത്താനാകാത്ത ഒരാവശ്യമായി നമ്മുക്ക് തോന്നുകയും അത് എത്ര കാശു കൊടുത്തായാലും വാങ്ങി ഉപയോഗിക്കാൻ നമ്മൾ തയ്യാറാവുകയുംചെയ്യുന്നു. പല സോഷ്യൽമീഡിയ **ഇൻഫ്ലുവെൻസർ**മാരും പ്രൊമോട്ട് ചെയ്യുന്നത് യാതൊരു ശാസ്ത്രീയസ്ഥിരീകരണവുമില്ലാത്ത ഉൽപ്പന്നങ്ങളാണ്. സൗന്ദര്യവർദ്ധകവസ്തുക്കൾ, തടി കുറയ്ക്കുമെന്ന് അവകാശപ്പെടുന്ന മരുന്നുകൾ, 'ഒറ്റ ദിവസംകൊണ്ട് ഫലം വാഗ്ദാനം ചെയ്യുന്ന ഭക്ഷണക്രമങ്ങൾ' തുടങ്ങി ആ ലിസ്റ്റ് നീളുന്നു. എന്നാൽ ഇതിന്റെ പിന്നിലെ വ്യാപാരതാത്പര്യങ്ങൾ നമ്മൾ കാണാതെ പോകരുത്.

ശരിയേത് തെറ്റേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ സോഷ്യൽമീഡിയയിൽ വിവരങ്ങൾ അതിവേഗം പ്രചരിപ്പിക്കപ്പെടുന്നു. അവിടെ ലൈക്കും ഷെയറും കമന്റുകളും സത്യത്തിന്റെയും

മിഥ്യയുടെയും മാനദണ്ഡങ്ങളാകുന്നു. ഇതിന്റെ ഫലമായി, ശരിയേത് തെറ്റേത് എന്ന് തിരിച്ചറിയാനാവാത്തവിധം ഒരു മങ്ങിയ അവസ്ഥയിലേക്ക് സമൂഹം രൂപാന്തരപ്പെടുന്നു. സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിലൂടെ നമ്മൾ എന്താണ് കാണേണ്ടതെന്ന് തീരുമാനിക്കുന്നത് ആൽഗോരിതങ്ങളാണ്. അതായത് ഏറ്റവുമധികം ആളുകൾ കണ്ടതും, നമ്മൾ ഒരിക്കൽ ലൈക്ക് ചെയ്യുകയോ തിരയുകയോ ചെയ്ത കണ്ടന്റുകൾ തന്നെയാണ് വീണ്ടും നമ്മുടെ മുന്നിലേക്ക് ആവർത്തിക്കപ്പെടുന്നത്. ഇതിലൂടെ ഓരോവ്യക്തിയും സ്വന്തം അഭിപ്രായങ്ങളോട് സാമ്യമുള്ള വിവരങ്ങളിൽ മാത്രം കുടുങ്ങിപ്പോകുന്നൊരവസ്ഥയുണ്ടാകുന്നു. വ്യത്യസ്ത കാഴ്ചപ്പാടുകളോട് ആവർത്തിച്ചുള്ള അവഗണന വിമർശനാത്മകമായ ചിന്താരീതിയെ ചെറുക്കുകയും ഉപരിപ്ലവമായ ഇടപെടലുകളിലേക്ക് മാത്രമായി നമ്മളെ ചുരുക്കുകയുംചെയ്യുന്നു. നമ്മൾ കാണാൻ ആഗ്രഹിക്കുന്നതും നമ്മെ സ്വാധീനിക്കാൻ സാധിക്കുന്നതുമായ ഉള്ളടക്കങ്ങൾ മാത്രമാണ് നമ്മളിലേക്ക് എത്തുന്നത്. ഇതിന്റെ ഫലമായി ഒരു കാര്യത്തെക്കുറിച്ചുള്ള സമഗ്രമായ സത്യം മറഞ്ഞുപോവുകയും സ്ക്രീനിൽ തെളിയുന്നത് മാത്രമാണ് യാഥാർത്ഥ്യം എന്ന മൂഢവിശ്വാസം നമ്മളിൽ വേരൂന്നുകയും ചെയ്യുന്നു. യുവതലമുറയെ ഇത് വളരെവേഗം സ്വാധീനിക്കുന്നതായി പഠനങ്ങൾ പറയുന്നു. സോഷ്യൽ മീഡിയയിൽ കാണുന്ന പെർഫെക്ട് ലൈഫ്, ആകർഷകമായ ശരീരം, ആഡംബര ജീവിതം തുടങ്ങിയവ യാഥാർത്ഥ്യമായി തോന്നിത്തുടങ്ങുമ്പോൾ സ്വന്തം ജീവിതം അപര്യാപ്തമാണെന്ന തോന്നൽ അവരുടെ മനസ്സിൽ വളരുകയും അത് ചെറിയ പ്രായത്തിൽതന്നെ മാനസിക സമ്മർദ്ദത്തിലേക്കും ആത്മവിശ്വാസക്കുറവിലേക്കുമെല്ലാം വഴിവെക്കുകയുംചെയ്യുന്നു.

സോഷ്യൽമീഡിയയെയോ അതിൽ കുമിഞ്ഞുകൂടുന്ന പരസ്യങ്ങളെയോ പൂർണ്ണമായി നിഷേധിക്കാൻ സമകാലികസാഹചര്യത്തിൽ നമുക്കാവില്ല. എന്നാൽ, നമ്മൾ കാണുന്നതും കേൾക്കുന്നതുമെല്ലാം സത്യമാണോ എന്ന തിരിച്ചറിവ് നമുക്കുണ്ടാവേണ്ടതാണ്. നമ്മുടെ മുന്നിലെത്തുന്ന കണ്ടന്റുകളെയും അതിന്റെ ആധികാരികതയെയും വിമർശനാത്മകമായി വിലയിരുത്തേതും പരിശോധിക്കേണ്ടതും അനിവാര്യമാണ്. ഇൻഫ്ലുവെൻസർശക്തിയുടെ പുറകിൽ പ്രവർത്തിക്കുന്ന വ്യാപാരതാത്പര്യങ്ങളെ മനസ്സിലാക്കുമ്പോഴാണ് നമുക്ക് ബോധപൂർവമായ തീരുമാനങ്ങൾ എടുക്കാൻ കഴിയുക. വിവരങ്ങളുടെ അമിതപ്പെരുപ്പുള്ള ഈ കാലത്ത്, നമ്മുക്ക് വേണ്ടതുമാത്രം തിരിഞ്ഞെടുക്കുക എന്നതാണ് യഥാർത്ഥ വെല്ലുവിളി. 'ട്രെൻഡ് എന്ന പേരിൽ മുന്നോട്ടുവരുന്ന പരസ്യക്കുടുക്കുകളിൽ വീഴാതെ, അതുണ്ടാക്കുന്ന സ്വാധീനത്തെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കാൻ കഴിയുന്ന ഒരു സമൂഹം രൂപപ്പെടുമ്പോഴാണ് സോഷ്യൽമീഡിയ ജനങ്ങളെ ശക്തരാക്കുന്ന ഒരു മാധ്യമമായി മാറുക. നിയന്ത്രണം നമ്മളുടേതാകുമ്പോൾ മാത്രമാണ് സ്വാധീനം അർത്ഥവത്താകുന്നത്.



**മുഹമ്മദ് അജ്നാസ് വി പി**
**മൂന്നാം വർഷ കൊമേഴ്സ്**

# FROM CLASSROOMS TO CLOUDED HILLS: A JOURNEY BEYOND LEARNING

Some journeys teach us more than textbooks ever can. Our three-day industrial visit from 14th to 16th october was one such experience—an unforgettable blend of learning, travel, friendship, and discovery. With second-year and third-year students travelling together under the guidance of Mr. Rahul and Ms. Akshaya, the trip promised excitement even before it began.

The clock struck midnight on October 14 as our bus rolled out of the college campus. Sleep was the last thing on anyone's mind. The journey unfolded with laughter echoing through the bus, songs playing nonstop, and endless conversations flowing between juniors and seniors. Games were played, stories were shared, and somewhere along the highway, strangers turned into friends. The road itself became part of the memory.

Dawn welcomed us to Kochi on October 15. After a refreshing breakfast and a short break, we headed to UST, a globally recognized multinational company. Stepping into a professional corporate environment was a new and inspiring experience for many of us. The sessions introduced us to real-world software development practices, organizational structures, and workplace culture. What we had learned in classrooms suddenly felt real and relevant. Though the visit was brief, it left a lasting impression and sparked new ambitions in many minds.

By late morning, we resumed our journey—this time towards the hills of Ramakkalmedu. After lunch, the landscape slowly transformed from city views to winding roads and misty horizons. Our stop at Ayyampara, the Tamil Nadu viewpoint, felt like a pause in time. The panoramic view, cool breeze, and endless stretch of hills offered a moment of calm and awe, refreshing both body and mind.



As evening approached, we reached Ramakkalmedu, greeted by strong winds and rolling clouds. The visit to the iconic Kuruvan–Kuruthi statue was both humbling and inspiring, reflecting the cultural depth and historical significance of the region. Standing there amidst the mist-covered hills felt surreal, as nature and heritage blended into a breathtaking experience. After a long day, we checked into our hotel, shared dinner, and rested, letting the mountain silence lull us to sleep.

The final day, October 16, began with a serene morning view of lush green hills wrapped in mist. The cool air and peaceful surroundings made the morning unforgettable. After breakfast, we explored the area, clicked photographs, and soaked in the beauty of Ramakkalmedu, knowing it was our last day together on this journey.

As night fell, the trip ended on a high note with a DJ night, filled with music, dance, and pure joy. Laughter, celebration, and togetherness marked the perfect conclusion to our IV. By the time we began our return journey, we carried more than bags—we carried memories, friendships, inspiration, and lessons that would stay with us long after college.

More than an industrial visit, this journey was a reminder that learning happens everywhere—on highways, in boardrooms, on hilltops, and most importantly, among people. Our trip to Kochi and Ramakkalmedu will forever remain one of the most treasured chapters of our college life.



**Abhirami Shaju**
Second Year Computer Science

# ഞെട്ടിവിറപ്പിക്കലിന്റെ ഉടലിലൂടെ

*ഞെട്ടിവിറപ്പിക്കലിന്റെ ഉടലിലൂടെ*
*ഞങ്ങളിതാ....*
*കാൽപാദത്തിന്റെ പാടുകൾ,*
*പതിപ്പിച്ച് മതിവരാതെ,*
*സ്വന്തം മണ്ണിന്റെ സുഖം മറന്ന്*
*ജന്മനാടല്ലാത്ത മണ്ണിന്റെ*
*സുഖസൗകര്യങ്ങൾ തേടിക്കൊണ്ട്*
*ഞങ്ങളിതാ പലായനപ്പാതയിലൂടെ.....*
*പലായനവേളകളിൽ പലരും,*
*കുട്ടികൾ, അച്ഛനമ്മമാർ, മുതിർന്നവർ,*
*ഒരുമിച്ച് കണ്ടെത്താതെ വിനോദം,*
*അവരവർക്ക് വേണ്ടതിൽപരം കണ്ടെത്തി സന്തോഷം,*
*ഉല്ലാസഭരിതരായി നടപ്പിൻ പാതയിൽ....*
*കൈകളിൽകണ്ട സർട്ടിഫിക്കറ്റുകളുമെല്ലാം,*
*കൈകളാൽ  വാരിപ്പുണർന്ന് തയ്യാറായി*
*നിൽപ്പിൻ അപ്പുറത്തെ മണ്ണിൽ ജോലിക്കായി.*
*സംശയങ്ങളിലാ ഞങ്ങളിൽ പലരും*
*കുതിക്കുന്നിതാ മത്സരബുദ്ധിയുമായി*
*ഏതോ കൊമ്പത്തെത്തുമെന്ന മട്ടിൽ.....*
*പടക്കങ്ങൾ, മത്താപ്പൂ, കമ്പിത്തിരികൾ*
*എന്നും കാണാ ആഘോഷങ്ങളിലൂടെ*
*ഉല്ലാസഭരിതരായി ഞങ്ങളിതാ,*
*ഇന്നേവരെ കാണാത്ത സന്തോഷത്തിൽ*
*നാമേവരും കവിഞ്ഞർമാദിക്കുന്നു,*
*ആഘോഷങ്ങളിലൂടെ...*



**അനഘ. കെ**
മൂന്നാം വർഷ ആംഗലേയ സാഹിത്യം







**അഭയ് കൃഷ്ണ എൻ**
രണ്ടാം വർഷ കൊമേഴ്സ്



**ആദിൽ മുഹമ്മദ്**
ഒന്നാം വർഷ കൊമേഴ്സ്



# वेदना से वैद्य तक

175 मौतें कन्फर्म, 378 लोग अभी भी लापता।राहुल बेचैनी के साथ टीवी पर समाचार देख रहा था। यह खबर इडुक्की में हुई भारी बारिश और उसके बाद आए भयानक भूस्खलन की थी। यह सुनकर उसका दिल काँप उठा, क्योंकि उसका सबसे अच्छा दोस्त सोहन वहीं का रहने वाला था।

ओणम की छुट्टियों में वे साथ-साथ बस स्टैंड पहुँचे थे। राहुल अपने होमटाउन की बस में चढ़ गया, और सोहन इडुक्की के लिए रवाना हो गया। घर पहुँचते ही सोहन ने पुकारा—"मम्मी, खाने में क्या बनाया है?"

माँ ने मुस्कुराकर कहा, "सब तैयार है, पहले नहा लो।"नहाने के बाद सबने साथ बैठकर खाना खाया,हँसी-मज़ाक किया, और फिर अपने-अपने कमरों में सो गए। सोहन डॉक्टर बनने का सपना देखता था। यह उसकी माँ की सबसे बड़ी इच्छा थी। रात के सन्नाटे में अचानक एक अजीब-सी आवाज़ आई।

डर और जिज्ञासा के बीच उसने दरवाज़ा खोला,और बाहर का दृश्य देखकर स्तब्ध रह गया। घर का वह हिस्सा, जहाँ उसके माता-पिता और बहन सो रहे थे, मिट्टी में दब चुका था। केवल उसका कमरा सुरक्षित था।
उन्नीस साल के उस लड़के के लिए यह समझ पाना असंभव था कि सब कुछ एक पल में कैसे समाप्त हो गया।वह सदमे से जड़ हो गया। कुछ देर बाद सेना के जवान आए,उसे बचाकर राहत शिविर ले गए।

शिविर में उसने कई ऐसी आँखें देखीं, जिनमें अपनों को खोने का दर्द भरा था।ऐसे माता-पिता, जिनके बच्चे नहीं रहे, और ऐसे बच्चे, जिनके सिर से माँ-बाप का साया उठ चुका था।सोहन को अपनी सच्चाई स्वीकार करनी पड़ी।सरकार ने उसकी पढ़ाई और भविष्य की ज़िम्मेदारी लेने का आश्वासन दिया।एक महीने बाद वह फिर से कोचिंग सेंटर लौटा।

राहुल ने जब उसे देखा, तो दोनों की आँखें भर आईं।
शब्द कम पड़ गए थे,दर्द बहुत गहरा था।लेकिन सोहन ने हार नहीं मानी।
उसने अपनी माँ के सपने को अपनी ताकत बना लिया।

कड़ी मेहनत के बाद उसने' ऑल इंडिया इंस्टिट्यूट ऑफ मेडिकल साइंसेज़' की परीक्षा पास की,मेडिकल कॉलेज में दाखिला लिया और वर्षों की साधना के बाद एम.बी.बी.एस. पूरा किया।दीक्षांत समारोह के दिन,जब प्रोफेसर ने उसे प्रमाणपत्र सौंपा, तो उसकी आँखों के सामने माँ, पिता और बहन की तस्वीरें तैर गईं।बोलने के लिए कोई अपना नहीं था,फिर भी उसने माइक थामा और कहा—
"अगर आज मैं आपके सामने खड़ा हूँ,

तो यह उस दिन मेरी आँखों से बहते आँसुओं की वजह से है।जिनका होना आज नहीं है, वही मुझे यहाँ तक ले आए। आज मैं मुस्कुरा रहा हूँ,

और मुझे विश्वास है—
"वे भी कहीं न कहीं मुस्कुरा रहे होंगे।"



Sujanya P.A
First Year Cyber security

# MOTHER'S LOVE

A mother's love can't be explained,
It's felt in the heart, not just named.
In her arms, we feel safe and right,
She always holds me close and tight.

She lifts me up when I fall,
With gentle words, she makes me tall.
She is my moon; she is my sun,
Her love, a light that's never done.

Through her smile she's always near,
A constant presence, calming every fear.
With every step, she guides my way,
In her love. I find my strength each day.

Her patience, a precious sign,
A treasure forever shine.
In her love, I am never alone,
Forever grateful, forever her own.



**Shareena P.S.**
Assistant Professor
Dept. of English



# प्रकृति का दर्द

भोर की कोमल रोशनी में
नदी का प्रवाह अनवरत बहता है,
पर मानव की लापरवाही से
उसका जल अब मैला हो जाता है।
हवा के झोंकों में लहराती पत्तियाँ,
घास के मैदान गीत गुनगुनाते हैं,
पर शहरों के शोर में
ये स्वर दबते जाते हैं।
आकाश में जब बादल मिलते हैं,
बारिश का कोमल स्पर्श
धरती को आलिंगन देता है,
पर सूखी भूमि उसे तरसती है।

चट्टानों और जंगलों के बीच
जीवों का संगीत सुनाई देता है,
पर कटते जंगलों से
यह संगीत धीरे-धीरे खोता है।
सूर्य की गर्मी में
सोने-सी झिलमिलाहट चमकती है,
पक्षियों के पंखों की आवाज़
किरणों में नृत्य करती है।
प्रकृति हमारी आँखों और हृदय के लिए
शांति और आनंद देती है,
यदि आज हमने उसे नहीं बचाया,
तो कल जीवन चुप हो जाएगा।



**Adeena**
Third Year Computer Application

# പ്ലാറ്റ്ഫോം നമ്പർ 2

**അ**ലാറം ഇത്രേം അരോചകമായി മുൻപൊരിക്കലും തോന്നീട്ടില്ല. നേരം പുലരാൻ ഇനിയും സമയമുണ്ടെങ്കിലും അതിപ്പോ തീരും എന്ന മട്ടിൽ ഞാൻ അയാളുടെ നെഞ്ചോട് അമർന്നു കിടന്നു.
''കുളിക്കുന്നുണ്ടോ?''
''ഇല്ല, പല്ല് തേച്ചു വരാം.''
''കാപ്പി കുടിച്ചു പോ മക്കളെ.''
ബാത്റൂമിന്റെ ലൈറ്റ് ഇട്ടയുടനെ അമ്മ ഉണർന്നിരുന്നു. ''കഴിക്കാൻ വേണ്ട, പോണ വഴിക്ക് കഴിച്ചോളാം,'' എന്നും പറഞ്ഞ് മുറിയിലേക്കുവന്ന്, നനഞ്ഞ കയ്യാൽ വീണ്ടും അയാളെ പുണർന്നു.

തലത്തൊട്ടയിലെ ഭക്തിഗാനം അടുത്തടുത്തേക്കുവന്നു, അമ്പലത്തിനോട് ചേർന്ന ഇടവഴിയിലൂടെ പ്ലാറ്റ്ഫോം നമ്പർ രണ്ടിന്റെ പുറകുവശത്തെത്തി. കൊല്ലം എത്തിയിട്ടേ ഒള്ളു... ഇത്രേം നേരത്തെ വരണ്ടായിരുന്നു. എനിക്ക് മതിയായില്ല. കേൾക്കുമ്പോൾ ഉറക്കമാണെന്ന് തെറ്റിധരിക്കുമെങ്കിലും, പറഞ്ഞയാൾക്കും കേട്ടയാൾക്കും അറിയാം അതല്ല എന്ന്. ചൂടുശ്വാസം ദേഹത്തു വീഴാത്ത വണ്ണം അയാളെ മുറുകെ പുണർന്നുവെങ്കിൽ, അതിൽപ്പരം സ്വർഗം എനിക്കില്ലായിരുന്നു. **"The magic of Human Touch!"**

നടക്കാനിറങ്ങിയ തലയിൽ തോർത്ത് കെട്ടിയ മെലിഞ്ഞ വൃദ്ധൻ, ജോലിക്കായി ഇറങ്ങിയ ഒരു കള്ളി ഷർട്ടുകാരൻ, ഭാര്യ, ഭർത്താവ്, അമ്മ അടങ്ങിയ ഒരു കുടുംബം, വൈകി വരുന്ന ഏറണാട് ഇനിയും വൈകണേന്ന് പ്രാർത്ഥിക്കുന്ന ഞാനും, എന്റെ കൈ പിടിച്ച് അയാളും... ആ സ്റ്റേഷനിൽ ഇത്ര പേർ മാത്രേ ഉണ്ടായിരുന്നുള്ളു! ഭക്തിഗാനം അങ്ങനെ പതിയെ അവസാനിച്ചു.

നേരം നന്നായി വെളുത്തു, പ്ലാറ്റ്ഫോമിലേക്ക് ആളുകൾ വന്നുതുടങ്ങി.
''ട്രെയിൻ എവിടെത്തി?''
''ചേപ്പാട് എത്തി'' പറഞ്ഞു തീർന്നില്ല, അനൗൺസ്മെന്റ് വന്നു! ട്രെയിൻ പാഞ്ഞെത്തി. വിൻഡോ സീറ്റിൽ ബാഗ് വെച്ച്, വീണ്ടും പുറത്ത് വന്ന് കൊതി തീരുംവരെ ഞാനയാളെ കെട്ടിപിടിച്ചു... കലങ്ങിയ കണ്ണ് തുടക്കും മുൻപേ ട്രെയിൻ ഇളകി.



''ഉടനെ തിരിച്ചുവരണം...'' എന്ന പ്രാർത്ഥനയോടെ ഞാൻ പ്ലാറ്റ്ഫോമിൽ നിൽക്കുന്ന അയാളെ കണ്ണെടുക്കാതെ വാതിൽക്കൽ വന്ന് നോക്കിനിന്നു. തണുത്ത കാറ്റടിച്ചു, കണ്ണുനീർ തെറിച്ചു വീണുണങ്ങി. യാത്ര തുടർന്നു... തലത്തൊട്ടയിലെ കവാടത്തിനു മോടികൂടി. പ്ലാറ്റ്ഫോമിലേക്കുള്ള കുറുക്കുവഴി കാടുകേറി, യാത്രക്കാരന് മാത്രം ഒരു മാറ്റവും ഉണ്ടായില്ല. ഇന്നും തിരയുന്നു - കാവിയുടുത്ത് എന്നെ നോക്കി നിന്ന അയാളെ...



**സായ് കെ ഭരത്**
അസിസ്റ്റൻഡ് പ്രൊഫസർ
കൊമേഴ്സ് വിഭാഗം

# MDMA USE AMONG ADOLESCENTS: A GROWING SOCIAL AND MENTAL HEALTH CONCERN

In recent years, substance abuse among adolescents has emerged not merely as a clinical concern, but as a serious social issue reflecting deeper systemic gaps in awareness, supervision, and psychosocial support. Among the substances increasingly misused by young people, MDMA (3,4-methylenedioxymethamphetamine), popularly known as ecstasy or molly, occupies a troubling position. Often portrayed as a harmless "party drug," MDMA is widely under estimated in terms of its potential to cause severe psychological and social consequences. My clinical exposure at IQRAA Psychiatric Centre, Calicut, provided first-hand insight into the alarming psychiatric outcomes associated with MDMA use among adolescents. These experiences underline the urgent need to view adolescent substance abuse not only through a medical lens, but also as a collective social responsibility.

## *Adolescence, Vulnerability, and Substance Use*

Adolescence is a critical developmental phase marked by identity formation, emotional instability, and heightened sensitivity to peer influence. Many adolescents are drawn toward experimentation due to curiosity, peer pressure, and the desire for social acceptance. In the absence of adequate guidance, awareness, and emotional support, this experimentation can quickly escalate into harmful patterns of substance use. In several cases observed during my clinical work, adolescents who used MDMA came from diverse social backgrounds, indicating that substance abuse Is not confined to any single socioeconomic group. Easy availability of subst ances, lack of supervision, and limited open communication within families were common underlying themes.

## *Psychiatric and Behavioral Consequences*

A significant number of adolescents admitted to psychiatric care following **MDMA** use presented with acute psychotic symptoms. These included hallucinations, paranoia, confusion, and severe behavioral disturbances. Many of these young individuals exhibited extreme aggression and violent behavior, often requiring emergency clinical intervention. From a social perspective, such behaviors have ripple effects disrupting family stability, creating fear and confusion among caregivers, and placing considerable emotional and financial strain on families. The sudden transformation of a previously functioning adolescent into a psychologically unstable individual is deeply distressing for parents and siblings.

## *Family and Community Impact*

Families often reported noticeable behavioral changes prior to the acute psychotic episodes, such as social withdrawal, academic decline, impulsivity, and risk-taking behavior. Unfortunately, these early warning signs were frequently misunderstood or ignored, reflecting a broader lack of awareness about substance-related mental health risks. Schools, and neighbourhoods are also affected. Adolescents struggling with substance-induced psychological disturbances may engage in unsafe or antisocial behaviors, thereby increasing the burden on educational institutions, healthcare systems, and law enforcement.

## *MDMA Use as a Social Failure*

The increasing incidence of MDMA-related psychiatric cases among adolescents point toward a failure at multiple social levels-family, educational institutions, community systems, and public health policies. Prevention efforts often remain superficial, focusing on moral warnings rather than addressing emotional needs, coping skills, and mental health literacy. When adolescents lack safe spaces to express distress, confusion, or emotional pain, substances may become a maladaptive coping mechanism. In this context, MDMA use is not merely an individual choice, but a symptom of unmet psychological and social needs.

## *The Need for Awareness and Social Intervention*

Addressing adolescent MDMA use requires a multidimensional social approach. Schools must integrate mental health education and substance awareness programs that go beyond fear-based messaging. Parents need guidance to recognize early warning signs and foster open, non-judgmental communication with their children. Community-based initiatives, youth engagement programs, and accessible mental health services play a crucial role in early intervention. Strengthening these support systems can significantly reduce the risk of adolescents turning to substances as a means of escape or experimentation.

MDMA use among adolescents is a growing social and mental health concern that demands immediate attention. The psychiatric disturbances observed in clinical settings are only the visible outcomes of deeper societal gaps in awareness, prevention, and emotional support. As a society, we must move beyond stigma and silence to create informed, supportive, and responsive environments for young people.



Art:
**Anamika. K**
Second Year English



**Athira S.**
Assistant Professor
Department of Psychology



# एक छोटा कदम

बस स्टॉप पर रोज वही दृश्य होता था। भीड़, धक्का-मुक्की और सबसे ज़्यादा लड़कियों के चेहरे पर चुप्पी का डर। लोग देखते, समझते, पर नजर फेर लेते। “कौन झंझट में पड़े?” यही सोच सबकी आँखों में थी।

अदिति भी उसी बस से कॉलेज जाती थी। वह पढ़ाई में साधारण थी, न कोई नेता टाइप, न भाषण दे ने वाली। बस एक आम लड़की। लेकिन एक दिन कुछ ऐसा हुआ जिसने उसे अंदर तक हिला दिया।

एक आदमी ने भीड़ का फायदा उठाकर एक स्कूली लड़की को परेशान किया। लड़की कुछ बोल नहीं पाई। बस की आवाज़ में उसका डर दब गया। अदिति ने सब देखा। दिल तेज धड़क रहा था। उसे लगा, लोग क्या कहेंगे ? झगड़ा हो गया तो? फिर उसने उस लड़की की आँखें देखीं बेबस, काँपती हुई।

उसी पल अदिति ने एक छोटा कदम उठाया। वह ज़ोर से बोली,
“अंकल, शर्म नहीं आती?”

बस में सन्नाटा छा गया। वह आदमी घबरा गया। दो-तीन लोग और खड़े हो गए। किसी ने कंडक्टर को बुलाया। वह आदमी अगली स्टॉप पर उतर गया।

स्कूली लड़की की आँखों में आँसू थे, लेकिन इस बार डर के नहीं आभार के।

उस दिन अदिति ने कोई बड़ा आंदोलन नहीं किया। कोई अख़बार में नाम नहीं छपा। लेकिन अगले दिन बस में कुछ बद ला हुआ था। लोग ज़्यादा सतर्क थे। लड़कियाँ थोड़ी निडर दिखीं।

कुछ दिन बाद अदिति ने कॉलेज में “सुरक्षित सफर” नाम से एक छोटा-सा समूह बनाया। नारे नहीं, बस जागरूकता क्या बोलना है, कैसे मदद करनी है, किस नंबर पर कॉल करना है इन सब बातों पर चर्चा होती।

धीरे-धीरे और छात्र जुड़ने लगे, लड़के भी।

एक दिन वही बस स्टॉप, वही भीड़। इस बार किसी लड़की के साथ गलत व्यवहार हुआ तो पाँच लोग आगे आए। आवाज़ उठी। डर पीछे हट गया।

अदिति मुस्कुराई। उसने महसूस किया समाज की सबसे बड़ी समस्या अक्सर हमारी चुप्पी होती है। हम सोचते हैं बदलाव बहुत बड़ा होता है, जबकि असल में वह एक साधारण आवाज़ से शुरू होता है।



**Hafna.P**
First Year Commerce

# രാഷ്ട്രനിർമ്മിതിയിലെ യുവജന രാഷ്ട്രീയപ്രാതിനിധ്യം

ലോകത്ത് ഇന്നേവരെ സംഭവിച്ചിട്ടുള്ള വിവിധ സമരങ്ങളുടെ ചരിത്രം പരിശോധിച്ചാൽ അവയിൽ യുവജനതയുടെ പ്രാതിനിധ്യം വളരെ പ്രാധാന്യമർഹിക്കുന്ന ഘടകമാണ്. കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകാലമായി മനുഷ്യവംശം പലവിധത്തിലുള്ള സമരങ്ങൾക്കും യുദ്ധങ്ങൾക്കും സാക്ഷിയായിട്ടുണ്ട്. ഇവയിൽ പലതിലും നിർണ്ണായക ഘടകമാകാൻ പല വ്യക്തികൾക്കും സാധിച്ചതിന് കാരണം അവർ മുന്നോട്ടുവയ്ക്കുന്ന ആശയത്തിലെ രാഷ്ട്രീയ വ്യക്തതയാണ്. അവരിൽ ജർമ്മനിയിലെ അഡോൾഫ് ഹിറ്റ്ലറും ഉഗാണ്ടയിലെ ഈഡി അമീനും പോലുള്ള ഏകാധിപതികൾ മുതൽ ചെഗുവേരയും തോമസ് സങ്കരയും പോലുള്ള വിപ്ലവകാരികളും മഹാത്മാഗാന്ധിയും നെൽസൺ മണ്ടേലയും തുടങ്ങിയ മഹത് വ്യക്തിത്വങ്ങളും ഉൾപ്പെടുന്നു. ലോകചരിത്രത്തിൽ ഇത്തരത്തിലുള്ള വ്യക്തികളുടെ വ്യക്തിത്വ രൂപീകരണത്തിന് കാരണമായിട്ടുള്ളത് പലവിധത്തിലുള്ള ഘടകങ്ങളായിരിക്കാം. അവയിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിലെ ഇതിഹാസമായ ഭഗത് സിംഗിനെ ഒരു വിപ്ലവകാരിയാക്കിത്തീർക്കാൻ സ്വാധീനിച്ച ഘടകങ്ങളെ മുൻനിർത്തി യുവജനതയിൽ രൂപപ്പെടേണ്ട രാഷ്ട്രീയബോധ്യത്തിന്റെ അനിവാര്യതയെക്കുറിച്ചു വ്യക്തമാക്കുകയെന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

ഇന്ത്യൻ സ്വാതന്ത്ര്യ പോരാട്ടമുഖങ്ങളിലെ സുപ്രധാന വ്യക്തികളിൽ ഒരാളാണ് സർദാർ ഭഗത് സിംഗ്. പകരം വയ്ക്കാനില്ലാത്ത ഇന്ത്യൻ വിപ്ലവപോരാളി. തന്റെ ഇരുപത്തിനാലാംവയസ്സിൽ കഴുമരത്തിലേക്ക് നടന്നുകയറി രക്തസാക്ഷ്യം വരിക്കുമ്പോൾ ജനപ്രീതികൊണ്ട് ഗാന്ധിയെയും മറികടന്ന വ്യക്തി. "സ്വാതന്ത്ര്യം അല്ലങ്കിൽ മരണം' എന്നുറക്കെ പ്രഖ്യാപിക്കുന്നതിനുള്ള ആർജ്ജവവും, "ബോംബും കൈത്തോക്കും വിപ്ലവം സാധ്യമാക്കില്ല മറിച്ച് വിപ്ലവഗഡ്ഗത്തിന്റെ ഉരകല്ല് തെളിഞ്ഞ ചിന്തകളാണ്" എന്നു പ്രസ്ഥാവിക്കുന്നതിനുള്ള രാഷ്ട്രീയപക്വതയുംവളരെ ചെറിയപ്രായത്തിൽത്തന്നെ ഭഗത് സിംഗിന് ഉണ്ടായിരുന്നു. ധീരതയുടെയും രാഷ്ട്രസ്നേഹത്തിന്റെയും മാത്രം പ്രതീകമായി കരുതുന്നതിനുമപ്പുറമാണ് ഭഗത് സിംഗിലെ ദാർശനിക വ്യക്തിത്വത്തിന്റെ പ്രഭ. ഇന്നദ്ദേഹത്തെ മാതൃകയാക്കാൻ മത്സരിക്കുന്നവരാണ് ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും മുഖ്യധാരാ രാഷ്ട്രീയസംഘടനകളൊക്കെയും. എന്നാൽ ഭഗത് സിംഗ് എന്ന വ്യക്തി പെട്ടന്നൊരുൾവിളിയുടെപുറത്ത് ദാർശനികനോ വിപ്ലവകാരിയോ ആയിട്ട് മാറുകയായിരുന്നില്ല. മറിച്ചദ്ദേഹം ജീവിച്ചുതീർത്ത ഇരുപത്തിനാലു വർഷക്കാലവും പരിശോധിച്ചാൽ അദ്ദേഹത്തിന്റെ വ്യക്തിത്വരൂപീകരണത്തിൽ ആഴത്തിൽ പതിഞ്ഞ പല അനുഭവസാക്ഷ്യങ്ങളുടെയും അംശം കണ്ടെത്താനാകും.

സർദാർ കിഷൻ സിംഗ് സന്ധുവിന്റെയും വിദ്യാവതിയുടെയും മകനായിട്ടാണ് 1907 - സെപ്തംബർ 27ന് ഭഗത് സിംഗ് ജനിക്കുന്നത്. ഭഗത് സിംഗിൽ പ്രകടമായിരുന്ന വിദേശാധിപത്യത്തോടുള്ള കടുത്തവിരോധം പാരമ്പര്യമായി വന്നുചേർന്നതാണ് എന്നു കരുതുന്നതിനു നിരവധി കാരണങ്ങളുണ്ട്. ആര്യസമാജത്തിന്റെ സജീവ പ്രവർത്തകനായിരുന്ന മുത്തച്ഛൻ അർജ്ജുൻ സിംഗും, പിതാവായിരുന്ന കിഷൻസിംഗിന്റെ കോൺഗ്രസ് പാർട്ടിയിലെ തീവ്രവിഭാഗത്തിലെ സജീവപ്രവർത്തനവും ഈ വസ്തുതയ്ക്ക് മാറ്റുകൂട്ടുന്നു. അദ്ദേഹത്തിന്റെ ബാല്യകാലത്ത് ഇന്ത്യയിൽ സജീവമായിരുന്ന ഗദ്ദാർ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഭഗത് സിംഗ് എന്ന വിപ്ലവകാരിയിലേക്കുള്ള വഴിയിൽ ഏറെ പ്രചോദനമായിട്ടുണ്ട്. കേവലം അദ്ദേഹത്തിന്റെ എട്ടാം വയസ്സിലാണ് സർദാർ കർത്താർ സിംഗ് സറഫ ഒന്നാം ലാഹോർ ഗൂഢാലോചന കേസിൽ പിടിയിലാകുന്നതും തുടർന്ന് തൂക്കിലേറ്റ

പ്പെടുന്നതും. പത്തൊൻപത് വയസ്സ് പ്രായം. അമൃത്സറിലെ ജലിയാബാദിൽ നടന്ന സിക്ക് കൂട്ടക്കൊലയുടെ ഭീകരത നേരിൽ കാണാനിടയായ ഭഗത് സിംഗിൽ വിപ്ലവ ചിന്തകൾ ആളിക്കത്തുന്നതിൽ കാരണമായി. ഇതു പോലുള്ള നിരവധി ഘടകങ്ങൾ ഒത്തുചേർന്നാണ് ഭഗത് എന്ന സമരപോരാളി ഉരുവംകൊള്ളുന്നത്. 1920 – ൽ മഹാത്മാഗാന്ധി മുന്നോട്ടുവച്ച നിസ്സഹകരണപ്രസ്ഥാനത്തിന്റെ ആശയങ്ങളിൽ ആകൃഷ്ടനായ അദ്ദേഹം ഒരുഘട്ടത്തിൽ ഗാന്ധിയനാശയങ്ങളുടെ ആരാധകനായി മാറുന്നുണ്ട്. ആ ഘട്ടത്തിൽ ഗാന്ധിയനാശയങ്ങളിൽ ഉൾച്ചേർന്നുപ്രവർത്തിക്കുന്നതിനും തയ്യാറാകുന്നു. എന്നാൽ, 1922 – ലെ ചൌരി – ചൌര സംഭവം അദ്ദേഹത്തിന്റെ വിപ്ലവചിന്തകളെ ഗാന്ധിസത്തിൽനിന്നും വ്യതിചലിപ്പിച്ചു എന്നുവേണം കരുതാൻ. ഏതാണ്ട് കൗമാരത്തിന്റെ പകുതിയെത്തിയപ്പോഴേക്കും തന്റെ ജീവിതം ദേശീയ പ്രസ്ഥാനത്തിനും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും വേണ്ടിയാണെന്ന മനോനിലയിലേക്ക് അദ്ദേഹം എത്തിയിരുന്നു. പതിനേഴാം വയസ്സിൽ വിവാഹം എന്ന ആശയത്തെ ജീവിതത്തിൽ അഭിമുഖീകരിക്കേിവന്നപ്പോൾ 'സ്വതന്ത്രഭാരതമാണ് തന്റെ വധു' എന്ന് പ്രസ്താവിച്ചുകൊണ്ട് സമരമുഖങ്ങളിലേക്കിറങ്ങിപ്പുറപ്പെട്ടുകൊണ്ടാണ് അദ്ദേഹം തന്റെ വിപ്ലവജീവിതം കുറേക്കൂടി ശക്തമാക്കിയത്.

കാൺപൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചുവന്ന ഹിന്ദുസ്ഥാൻ റിപ്പബ്ലിക്ക് അസോസിയേഷയൻ എന്ന സായുധ സംഘടനയിൽ അംഗമായതോടുകൂടി അദ്ദേഹത്തിന്റെ വിപ്ലവവീക്ഷണങ്ങൾക്ക് പുതിയ ദിശാബോധം നൽകപ്പെട്ടു. ഈ സംഘടനയിലൂടെയാണ് ചന്ദ്രശേഖർ ആസാദുമായി ചേർന്നുള്ള വിപ്ലവപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. രണ്ട് യുവവിപ്ലവകാരികളുടെ ചരിത്രപരമായ സന്ധിക്ക് പശ്ചാത്തലമൊരുക്കിയത് ഹിന്ദുസ്ഥാൻ റിപ്പബ്ലിക്ക് അസോസിയേഷൻ ആണെന്ന് പറയുന്നതാകും കൂടുതൽ വ്യക്തം. ആസാദുമായുള്ള ബന്ധം ഭഗത് സിംഗിനെ കൂടുതൽ തീവ്ര നിലപാടിലേക്ക് അടുപ്പിക്കുകയായിരുന്നു. അതിന്റെ ഫലമായി സായുധവിപ്ലവത്തിലൂടെ മാത്രമേ വിദേശശക്തികൾ ഇന്ത്യൻ ജനതയ്ക്കുമേൽ നടത്തുന്ന ഹിംസാപരമായ ചൂഷണത്തിന് മറുപടി നൽകാനാകൂ എന്നദ്ദേഹം ഉറച്ചുവിശ്വസിച്ചു. ഭഗത് സിംഗിന്റെ സ്വാധീനത്തിലൂടെ നല്ലൊരുഭാഗം യുവാക്കളെ വിപ്ലവബോധ്യമുള്ളവരാക്കി ബ്രിട്ടീഷ് ഭരണകൂടത്തിനു എതിരെ പോരാടാൻ പ്രാപ്തരാക്കി. തുടർന്ന് നൗ ജവാൻ ഭാരത് സഭയിലൂടെ നിരവധി വിപ്ലവപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 1929 - ഏപ്രിൽ എട്ടാം തീയതി നടന്ന പാർലമെന്ററി ബോംബ് കേസിൽ ബ്രിട്ടീഷ് സൈന്യം ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നിവരെ പിടികൂടുകയും തുടർന്നുണ്ടായ വിചാരണയിൽ വധശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു. വിധി പ്രസ്താവത്തിന്റെ തുടർ നാളുകളിൽ അനേകായിരങ്ങളുടെ പ്രതിഷേധസമരങ്ങൾക്ക് രാജ്യം സാക്ഷിയാകേണ്ടിവന്നു. പാർലമെന്ററി ബോംബ് കേസിലൂടെ രാജ്യത്തുടനീളം അദ്ദേഹത്തിന് ലഭിച്ച ഖ്യാതി എന്തെന്നുള്ളതിന് ഇന്ത്യൻ തെരുവുകളിൽ പിന്നീടുള്ള ദിവസങ്ങളിലങ്ങോട്ട് രൂപപ്പെട്ട സമരങ്ങൾ തെളിവാണ്.

കൊലക്കയറും കാത്ത് ലാഹോർ ജയിലിൽ കഴിഞ്ഞിരുന്നനാളത്രയും ഭഗത് സിംഗിലെ വിപ്ലവജ്വാല കെടാതെ ആളിക്കത്തിയിരുന്നു എന്നുവേണം കരുതാൻ. ജയിൽവാസസമയത്ത് അദ്ദേഹം ലേഖനങ്ങളാക്കി പകർത്തിയതന്റെ ആശയങ്ങളൊക്കെയും ആ വീക്ഷണം ശരിവയ്ക്കുന്നു. അതിൽ അദ്ദേഹത്തിന്റെ ദാർശനികബോധത്തിന്റെ ഔന്നത്യത്തെ രേഖപ്പെടുത്തുന്നതാണ് 'ഞാൻ എന്തുകൊണ്ട് നിരീശ്വരവാദിയായി' എന്ന ലേഖനം, വിപ്ലവചിന്തയിൽ ഭൗതികവാദത്തിന്റെയും യുക്തിവാദത്തിന്റെയും സ്ഥാനമെന്തെന്നും ദൈവത്തിന്റെ അസ്തിത്വം നിരാകാരിക്കപ്പെടേത്തിന്റെ ആവശ്യകതയെന്തെന്നും വ്യക്തമാക്കുന്ന ഒന്നാണ് ഈ ലേഖനം.

1931 മാർച്ച് 23.ലാഹോർ പാർലമെന്റ് ബോംബ് കേസിൽ പിടിയിലായ ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ് എന്നിവരെ തൂക്കി ലേറ്റിയ ദിവസം. ഭഗത് സിംഗിന്റെ വാക്കുകളായ, "വിപ്ലവകാരികളുടെ യാത്ര മരണത്തിലേക്കാണ്. അവർ കഴുവേറുമ്പോൾ മാത്രമാണ് വിപ്ലവംപൂർത്തിയാകുന്നത്." എന്നതിനു ഘടകവിരുദ്ധമായ കാര്യങ്ങളാണ് ഇന്നേവരെ സംഭവിച്ചിട്ടുള്ളതെന്ന് കരുതാം. കാരണം രക്തസാക്ഷിത്വത്തിലൂടെ അമരത്വം നേടിയ ഈ വിപ്ലവകാരികൾ അവരുടെ മരണത്തിലൂടെ ഒരായിരം നവവിപ്ലവത്തിന് തുടക്കമാകുകയായിരുന്നു. ഇവരുടെ പേരുചൊല്ലികേൾക്കുന്നതും, ഇവർ പ്രകാശിപ്പിച്ച ആശയങ്ങളിലെ വിപ്ലവ ഊർജ്ജം പ്രചരിപ്പിക്കുന്നതും അനേകായിരങ്ങൾക്ക് സമരാവേശം പകരുന്നതിനു

കാരണമായി. ഇന്നും വിപ്ലവസമരചരിത്രത്തിലെ കെട്ടടങ്ങാത്ത രക്തനക്ഷത്രമായി ഭഗത് സിംഗ് ജ്വലിച്ചു നിൽക്കുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിലെ നിർണ്ണായക സ്വാധീനമുള്ള വ്യക്തിത്വമായി ഭഗത്തിനെ മാറ്റിയെടുത്തത് അദ്ദേഹം തന്റെ ജീവിതം കൊണ്ടുതന്നെ നേടിയെടുത്ത രാഷ്ട്രീയബോധ്യമാണെന്ന് പറയാനാകും. അന്നുനിലവിലുണ്ടായിരുന്ന വിദേശാധിപത്യവും ഇന്ത്യക്കാർ നേരിട്ടിരുന്ന വിവേചനവുമെല്ലാം അതിനു പ്രേരണയായിട്ടുണ്ട്.

ഭഗത് സിംഗിന്റെ മരണശേഷം ഒരുനൂറ്റാണ്ടുപിന്നിടുമ്പോൾ, വാർത്തമാനകാല രാഷ്ട്രീയ സാഹചര്യത്തിലെ സ്ഥിതിഗതികൾകൂടി പരിഗണിക്കുമ്പോൾ യുവജനതയുടെ രാഷ്ട്രീയപക്വതയും വിവിധ വിഷയങ്ങളെ നോക്കിക്കാണുന്ന വിധവും ഗൗരവമായി വീക്ഷിക്കേണ്ടതാണ്. വിദേശീയരുടെ നിഷ്ഠൂരമായ ഭരണത്തിനുശേഷം ഇന്ത്യ ജനാധിപത്യ സംവിധാനമുള്ള സ്വതന്ത്രരാഷ്ട്രമായി അവരോധിക്കപ്പെട്ടുവെങ്കിലും സ്വദേശീയരുടെ ഭരണത്തിനു കീഴിലുള്ള നിരവധി വിവേചനങ്ങൾ ഇന്നും ഇന്ത്യൻ ജനത അനുഭവിക്കുന്നുണ്ട്. ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യ വിട്ടു പോകുമ്പോൾതന്നെ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന രാഷ്ട്രീയതന്ത്രത്തിന്റെ കെടുത്തി ജനങ്ങൾ അനുഭവിക്കാൻ തുടങ്ങിയിരുന്നു. ഇന്നതിന്റെ ഭീകരമായ ഭവിഷ്യത്തുകൾ ഇന്ത്യൻ തെരുവുകളിൽ ദിനംപ്രതി കൂടുതൽ വ്യക്തതയോടുകൂടി പ്രകടമാകുന്നുണ്ട്. ഈ സാഹചര്യങ്ങളെ നേരിടാൻ കൂടുതൽ തെളിഞ്ഞ ചിന്തയുള്ള യുവജനങ്ങൾ കടന്നുവരേതുണ്ട്. ചിന്താശേഷിയുള്ള ഒരു തലമുറയ്ക്കു മാത്രമേ ശ്രേഷ്ഠമായ സമൂഹനിർമ്മിതിയുടെ ഭാഗമാകാൻ കഴിയൂ. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു വിദ്യാർത്ഥി രാഷ്ട്രീയസംഘടനകളുടെ പ്രവർത്തനങ്ങളാലും യുവജന രാഷ്ട്രീയപ്രവർത്തനങ്ങളാലും മുന്നിട്ടു നിൽക്കുന്ന സംസ്ഥാനമാണ് കേരളം.കേരളത്തിലെ വിദ്യാർത്ഥിസംഘടനകൾ ഇടപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ പ്രശ്നങ്ങളും സമരങ്ങളും സമാനതകളില്ലാത്തതാണ്. എങ്കിലും, നവതലമുറയുടെ ചിന്താഗതിയെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ യുവാക്കളിൽ അരാഷ്ട്രീയ ചിന്തകളെ പ്രോത്സാഹിപ്പിക്കുന്നവരാണെന്ന് മനസിലാക്കാം. 'രാഷ്ട്രീയം' എന്നാൽ കക്ഷിരാഷ്ട്രീയം എന്ന അർത്ഥത്തിനുപുറമേ അഭിപ്രായരൂപീകരണത്തിനുള്ള ശേഷിയാണെന്ന് തിരിച്ചറിയാനുള്ള കഴിവുപോലും ആർജ്ജിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തവരായി തുടരുകയാണ് ഭൂരിഭാഗം യുവജനങ്ങളും. എന്നാൽ ഈ ആലസ്യത നമ്മുടെ സമൂഹത്തെ അധോഗതിയിലേക്ക് നയിക്കാൻ പ്രാപ്തമായ ഒന്നാണെന്ന് തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിവരുന്ന തലമുറകളെല്ലാം ആഗോളതലത്തിൽ വിവിധ രാഷ്ട്രീയവിഷയങ്ങളിൽ തങ്ങളുടെ ചിന്താശേഷിയുടെ പ്രതിഫലനങ്ങൾ ആഴത്തിൽ സൃഷ്ടിക്കാൻ കഴിവുള്ളവരാകട്ടെയെന്നും മലയാളത്തിന്റെ പ്രിയ കവി വൈലോപ്പിള്ളി തന്റെ 'പന്തങ്ങൾ' എന്ന കവിതയിൽ യുവജനതയോട് നടത്തുന്ന ആഹ്വാനം പോലെ ചോരതുടിക്കുന്ന ചെറുകൈകളൊക്കെയും പേറട്ടെ ഭാവിയിലേക്ക് വെളിച്ചം വീശുന്ന പന്തങ്ങൾ, ആ വെളിച്ചത്തിൽ കുറേക്കൂടി പ്രകാശപൂരിതമായ നവലോകത്തേക്ക് നടന്നു കയറട്ടെ.



**മുഹമ്മദ് സിനാൻ പി. കെ**
രണ്ടാം വർഷ സമൂഹശാസ്ത്രം

# FATE

The subtle hands of fate,
Gently they touch, they soothe, they steer,
A path unfolds, both far and near.
Like stories wrapped in silent thread,
With twists and turns ahead, unread.

Within fate's grand, majestic chest,
We are but threads, no more, no less.
Entwined in you, we drift, we flow,
Like rivers where no boundaries grow.

Tied to a force no eye can see,
No sound reveals its mystery.
We build our nights, we shape our days,
Yet cannot bend your silent ways.

With joy and grief, we learn to cope,
No questions asked, just words of hope:
"Its fate", we say, and hide our ache,
In comforts that the helpless make.

And though we know the game goes on,
With every dusk and every dawn,
We stand unsure of what will be -
Just waiting on fate's next decree.



**Bareera V.**
Assistant Professor
Department of English

# നാലുപതിറ്റാണ്ടുകൾക്കപ്പുറവും 'അമ്മ അറിയാൻ' മുന്നോട്ടുവെയ്ക്കുന്ന രാഷ്ട്രീയം, ഓർമ്മ, ഉത്തരവാദിത്തം

**ജോ**ൺ എബ്രഹാമിന്റെ 'അമ്മ അറിയാൻ' മലയാളസിനിമയുടെ ചരിത്രത്തിൽ ഒരു സിനിമയായി മാത്രമല്ല, ഒരു രാഷ്ട്രീയരേഖയായി നിലനിൽക്കുന്ന സൃഷ്ടിയാണ്. നാലു പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ഈ ചിത്രം പ്രസക്തമാകുന്നത് അതൊരു കാലഘട്ടത്തിന്റെ രാഷ്ട്രീയസാഹചര്യങ്ങളെ രേഖപ്പെടുത്തിയതിൽ മാത്രം ഒതുങ്ങാതെ, സമൂഹത്തിന്റെ അധികാരഘടനകൾ, പ്രതിരോധത്തിന്റെ ക്ഷയവും രൂപാന്തരവും, ഓർമ്മയും മറവിയും തമ്മിലുള്ള സംഘർഷം എന്നിവയെ ആഴത്തിൽ വിശകലനം ചെയ്യുന്നതിനാലാണ്. 1980-കളിലെ വിപ്ലവ രാഷ്ട്രീയപശ്ചാത്തലത്തിലാണ് സിനിമ നിലകൊള്ളുന്നതെങ്കിലും, അതിലെ ചോദ്യങ്ങളും ആശങ്കകളും ഇന്നത്തെ സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങളിൽ കൂടുതൽ ശക്തമായി പ്രതിധ്വനിക്കുന്നു.

ഹരിയുടെ മരണം സിനിമയിൽ ഒരു വ്യക്തിഗത സംഭവമായി അവതരിപ്പിക്കപ്പെടുന്നില്ല. അത് സംഘടിത അധികാരത്തിന്റെ നിശ്ശബ്ദ ഇടപെടലുകളുടെ പ്രതീകമാണ്. അന്നത്തെകാലത്ത് വിപ്ലവ രാഷ്ട്രീയവുമായി ബന്ധപ്പെട്ട യുവാക്കൾ നേരിട്ടിരുന്ന സ്വാതന്ത്രമില്ലായ്മയും അടിച്ചമർത്തലുകളും, ഇന്നത്തെ സമൂഹത്തിൽ മറ്റൊരു രൂപത്തിലാണ് തുടരുന്നത്. ഇന്ന് വിമർശനസ്വരങ്ങൾ നേരിടുന്നത് തുറന്ന അക്രമമല്ലാതായി, നിയമനടപടികൾ, മാധ്യമനിശ്ശബ്ദത, ഡിജിറ്റൽനിരീക്ഷണം, സാമൂഹികാപമാനം എന്നിവയിലൂടെ നടപ്പാക്കപ്പെടുന്ന സൂക്ഷ്മമായ നിയന്ത്രണങ്ങളാണ്. ഈ മാറ്റം സിനിമയുടെ രാഷ്ട്രീയത്തെ പഴയതാക്കുന്നില്ല, മറിച്ച് അതിനെ കൂടുതൽ ആധുനികമാക്കുകയാണ്. കാരണം അധികാരത്തിന്റെ രൂപംമാറിയെങ്കിലും അതിന്റെ ലക്ഷ്യം വിമതസ്വരങ്ങളെ ഇല്ലാതാക്കുക അതേപോലെ തുടരുന്നു.




സിനിമയുടെ കേന്ദ്രബിന്ദുവായ യാത്ര ഒരു സ്ഥലാന്തരയാത്രയല്ല, അത് രാഷ്ട്രീയബോധത്തിന്റെ സഞ്ചാരമാണ്. ഹരിയുടെ സുഹൃത്തുക്കളെയും സഹപ്രവർത്തകരെയും കണ്ടുമുട്ടുന്ന ഓരോ ഘട്ടത്തിലും, സിനിമ സമൂഹത്തിലെ വിവിധ രാഷ്ട്രീയനിലപാടുകളും അവയുടെ പരാജയങ്ങളും തുറന്നുകാട്ടുന്നു. വിപ്ലവാശയങ്ങൾ മുദ്രാവാക്യങ്ങളായി ചുരുങ്ങുന്നതും, രാഷ്ട്രീയ പ്രതിബദ്ധത വ്യക്തിപരമായ താൽപര്യങ്ങളിൽ ലയിക്കുന്നതും സിനിമ സൂക്ഷ്മമായി രേഖപ്പെടുത്തുന്നു. ഇന്നത്തെകാലത്ത് രാഷ്ട്രീയ ഇടപെടലുകൾ പലപ്പോഴും സോഷ്യൽമീഡിയയിലെ പ്രതികരണങ്ങളിലേക്കും വ്യക്തിഗത ബ്രാൻഡിങ്ങിലേക്കും ചുരുങ്ങുമ്പോൾ,

'അമ്മ അറിയാൻ' മുന്നോട്ടുവയ്ക്കുന്ന കൂട്ടായ രാഷ്ട്രീയബോധത്തിന്റെ ആശയം ശക്തമായൊരു വൈരുദ്ധ്യമായി നിലകൊള്ളുന്നു.

"അമ്മയെ ആരാണ് അറിയിക്കുക?" എന്ന ചോദ്യമാണ് സിനിമയുടെ ആത്മാവ്. ഈ ചോദ്യം ഒരു അമ്മയോടുള്ള ബാധ്യതയെ മാത്രമല്ല സൂചിപ്പിക്കുന്നത്, അത് സമൂഹത്തിന്റെ നൈതിക ഉത്തരവാദിത്തത്തെയും ചോദ്യംചെയ്യുന്നു. അന്നത്തെ കാലത്ത് രാഷ്ട്രീയസമരങ്ങളിൽ കൊല്ലപ്പെട്ടവർക്കായി ആരാണ് ശബ്ദമുയർത്തുക എന്നതായിരുന്നു ചോദ്യം. ഇന്ന് സമൂഹത്തിൽ ഇത് കൂടുതൽ വ്യാപകമായ അർത്ഥം കൈവരിക്കുന്നു. കസ്റ്റഡിമരണങ്ങൾ, കാണാതാകലുകൾ, സാമൂഹികവിവേചനം, ലൈംഗികാതിക്രമങ്ങൾ,തൊഴിലാളികളുടെ അവകാശനിഷേധങ്ങൾ എന്നിവയ്ക്കെല്ലാം പിന്നാലെ 'അറിയിക്കാൻ' ആര്? വാർത്തകൾ മാറിമാറിവരുന്ന ഇന്നത്തെ കാലത്ത്, ദുഃഖവും അനീതിയും താൽക്കാലിക വിഷയങ്ങളായിമാറുമ്പോൾ,ഈ ചോദ്യം കൂടുതൽ അസ്വസ്ഥത സൃഷ്ടിക്കുന്നു. 'അമ്മ അറിയാൻ'എന്ന സിനിമയുടെ നിർമ്മാണ രാഷ്ട്രീയവും അതിന്റെ പ്രസക്തി വർധിപ്പിക്കുന്നു. ഒഡേസ കളക്ടീവിലൂടെ ജനങ്ങളുടെ സഹായത്തോടെ നിർമ്മിച്ച ഈ ചിത്രം വാണിജ്യസിനിമകളുടെ ലാഭകേന്ദ്രിത മാതൃകയെ തുറന്നുവെച്ച് ചോദ്യംചെയ്യുന്നു. ഇന്നത്തെ കോർപ്പറേറ്റ് നിയന്ത്രിത സിനിമയും മാധ്യമങ്ങളും പലപ്പോഴും രാഷ്ട്രീയവിഷയങ്ങളിൽ നിശ്ശബ്ദത പാലിക്കുമ്പോൾ, 'അമ്മ അറിയാൻ' കലയുടെ ജനാധിപത്യസാധ്യതയും സാമൂഹിക ഉത്തരവാദിത്വവും ഓർമ്മിപ്പിക്കുന്നു. സിനിമയുടെ രൂപവും ഉള്ളടക്കവും ഒരേ രാഷ്ട്രീയനിലപാട് പങ്കുവെക്കുന്നതാണ് ഇതിന്റെ ഏറ്റവും വലിയ ശക്തി. ഓർമ്മയുടെ രാഷ്ട്രീയമാണ് 'അമ്മ അറിയാൻ' ഉയർത്തുന്ന മറ്റൊരു നിർണായക ചിന്ത. അധികാരം നിലനിൽക്കുന്നത് പലപ്പോഴും മറവിയിലൂടെയാണ്. ചരിത്രത്തെ മറക്കുമ്പോൾ, അതിക്രമങ്ങൾ ആവർത്തിക്കപ്പെടുന്നു. ഇന്നത്തെ കാലത്ത് വാർത്തകളും സംഭവങ്ങളും ദ്രുതഗതിയിൽ മറക്കപ്പെടുന്ന സാഹചര്യത്തിൽ, ഈ സിനിമ ഒരു മുന്നറിയിപ്പായി നിലകൊള്ളുന്നു. ഓർമ്മിക്കുക എന്നതുതന്നെ ഒരു രാഷ്ട്രീയപ്രവർത്തനമാണ്. അതുകൊണ്ടുതന്നെ 'അമ്മ അറിയാൻ' ഒരുപഴയ സിനിമയല്ല, അത് ഇന്നും സമൂഹത്തെ ചോദ്യം ചെയ്യുന്ന, ഉത്തരങ്ങൾ തേടുന്ന, പ്രതിരോധത്തിന്റെ ദീർഘകാലശബ്ദമാണ്.

'അമ്മ അറിയാൻ' നമ്മളെ ആശ്വസിപ്പിക്കുന്നില്ല, അത് നമ്മളെ അസ്വസ്ഥരാക്കുന്നു. കാലം മാറിയിട്ടും അതിലെ ചോദ്യങ്ങൾക്ക് സമൂഹം വ്യക്തമായ മറുപടി നൽകിയിട്ടില്ല എന്നതാണ് ഈ സിനിമയുടെ യഥാർത്ഥ കാലാതീതപ്രസക്തി. നാലുപതിറ്റാണ്ടുകൾക്കിപ്പുറവും 'അമ്മ അറിയാൻ' നമ്മോട് സംസാരിക്കുന്നതിന്റെ കാരണവും അതുതന്നെയാണ്.



**രാഹുൽ ഇ**
അസിസ്റ്റൻഡ് പ്രൊഫസർ
കമ്പ്യൂട്ടർ സയൻസ് വിഭാഗം

# THE ALCHEMIST - A TIMELESS JOURNEY OF DREAMS AND DESTINY BY PAULO COELHO

Paulo Coelho's *The Alchemist* unfolds like a quiet fable whispered to the soul, inviting readers into a world where dreams speak, omens guide, and the ordinary transforms into the miraculous. First published in 1988, the novel transcends the boundaries of time, culture, and geography to offer a meditative reflection on destiny, faith, and the sacred act of listening to one's inner voice. Through the seemingly simple journey of a shepherd boy named Santiago, Coelho crafts a narrative that resonates with spiritual longing and human hope.

Santiago begins his journey among the rolling hills of Andalusia, carrying little more than his sheep and an unexplainable dream of treasure buried near the pyramids of Egypt. What appears at first as a childlike fantasy slowly becomes a divine calling. Guided by the enigmatic Melchizedek, the king of Salem, Santiago learns that every individual is born with a personal legend a purpose written quietly into the fabric of existence. As he ventures beyond familiar landscapes into the bustling markets of tangier and the vast, unforgiving desert, Santiago sheds fear, doubt, and comfort, learning that the path to fulfilment often demands loss before reward.

The novel is rich in symbols that shimmer beneath its simple prose. The desert, harsh and endless, mirrors the inner barrenness one must cross to reach spiritual clarity. Alchemy, the ancient art of transforming base metals into gold, becomes a powerful metaphor for the soul's own refinement through suffering, patience, and faith. Coelho repeatedly returns to the idea that the universe listens attentively to sincere desire that when a person moves toward their dream with unwavering belief, invisible forces align to assist them. This belief infuses the narrative with quiet magic, making each coincidence feel purposeful rather than accidental.

The people Santiago encounters on his journey serve as mirrors reflecting different responses to life's call. The crystal merchant represents those paralyzed by fear, choosing comfort over fulfilment. The Englishman embodies intellectual pursuit, seeking wisdom through books rather than experience. The alchemist himself stands as a spiritual guide, teaching Santiago to read the language of the world written in wind, silence, and the beating of the heart. Through these encounters, the novel gently reminds readers that wisdom is not merely learned but lived.

Love, too, is rendered with lyrical sensitivity in Santiago's relationship with Fatima. Set against the vast stillness of the desert, their love is not possessive but patient, rooted in trust and understanding. Fatima does not bind Santiago to her presence; instead, she becomes part of his destiny, believing that love grows stronger when it allows freedom. Through this portrayal, Coelho redefines love as a companion to dreams rather than their adversary.

Coelho's prose is deliberately spare, yet it carries the weight of ancient parables and spiritual texts. Its simplicity is not a limitation but a doorway allowing readers to project their own fears, hopes, and unfulfilled desires onto Santiago's journey. While some may critique the novel for its repetitive philosophical affirmations, this repetition echoes the rhythm of spiritual teaching, reinforcing truths that must be heard again and again before they are fully understood.

In the end, *The Alchemist* reveals that the treasure Santiago seeks is not merely gold buried in distant sands, but wisdom forged through experience and self-belief. The novel gently insists that life itself is a journey of becoming that every loss teaches, every delay prepares, and every dream waits patiently for courage to catch up. Lyrical, symbolic, and deeply affirming, *The Alchemist* leaves readers with the enduring reminder that when one dares to follow the quiet voice of the heart, the world, in all its mystery, listens back.





**Ayisha Henna**
Third Year Commerce

# തറവാട്

ലോകത്തിൻ ഏത് കോണിലാണെങ്കിലും
എന്റെ മനസ്സിന്റെ ഓളങ്ങൾ എന്നും
ആ വഴിയെ തേടിപ്പോകും..
എന്റെ ഇഷ്ടങ്ങളും ബലഹീനതകളും
അറിയുന്നവരുള്ള ഇടം..
ദുഃഖത്തിന്റെ കാഠിന്യം കുറച്ച്,
സന്തോഷം വളർത്തുന്ന ഇടം.
പരിഗണനയാണ് അവിടുത്തെ സ്വത്ത്,
സ്നേഹമാണ് അവിടുത്തെ ഭാഷ,
എന്റെ ജീവന്റെ താളം..
എന്റെ തറവാട് !



സ്വപ്ന വി പി
അസിസ്റ്റന്റ് പ്രൊഫസ്സർ
കൊമേഴ്സ് വിഭാഗം



# Voices Unheard

In crowded streets and silent homes,
Lie stories buried under stones.
Eyes that speak, yet lips stay still,
Dreams suppressed by fate's harsh will.

A child with tools in place of toys,
Working days on end, unheard of joys.
Hands too small to lift the load,
Yet life demands a heavier road.

A woman walks with measured fear,
Watching shadows drawing near.
Strong of heart, yet chained by norms,
Fighting quiet, unseen storms.

We preach of change in polished words,
While injustice roams undeterred.
Progress shines on screens so bright,
But shadows still escape the light.

If silence fuels the misdeeds we see,
Then speech must be our remedy.
For change begins when we take part,
With open eyes and kinder hearts.

Let not these voices fade away,
Let action follow what we say.
A better world is ours to start,
With justice lived, not played as art.





**Efra Rafeeq K.M.**
Assistant Professor
Department of English

# बूँद

पर्वत पर होश संभाला,
घाटी में धीमी चाल सरकती।
गिरते-गिरते सोखकर फिर,
संग हो लूँ मैं — एक धार छलकती।
उतर वसुधा की गोद में,
खेतों में लाऊँ निपुण हुनर को।
घर-आँगन, प्राण-आबादी को,
बन पोषण, वेगधारा प्रखर-सी।

समंदर में फिर अहम बुझाकर,
उड़ चली भाप बन अम्बर को।
नभ में खोकर बोझ तम का,
बरसी छोड़ हर बात फख्र को।
कभी ओस बन मिलूँ मैदान में,
कभी बूँद बन फिर
शुरुआत सफर की।



**Najiya Sherin .N**
First Year Commerce

# 'എക്കോ' - ഭാഷകൾക്കപ്പുറമുള്ള പ്രതിധ്വനി

മലയാളസിനിമയിൽ സമീപകാലത്ത് കണ്ടുവരുന്ന സ്ലോ - ബോൺ ത്രില്ലറുകളുടെ നിരയിൽ ശ്രദ്ധേയമായൊരു സ്ഥാനമാണ് ദിഞ്ജിത്ത് അയ്യത്താൻ സംവിധാനം ചെയ്ത എക്കോ നേടിയിരിക്കുന്നത്. വലിയ സംഭവവികാസങ്ങളോ അതിവേഗ കഥാപ്രവാഹമോ ഇല്ലാതെ നിഗൂഢമായ സാഹചര്യങ്ങളെ അതിന്റെ കഥാന്തരീക്ഷത്തിലെ ചുറ്റുപ്പാടുകളിലേക്ക് ഉൾക്കൊള്ളിച്ചുകൊണ്ടു കഥ പറയുന്ന രീതിയാണ് ഈ സിനിമയുടെ മുഖ്യ സവിശേഷത, കാടും മനുഷ്യനും തമ്മിലുള്ള ബന്ധം പശ്ചാത്തലമാക്കി ഒരു അന്വേഷണത്തിന്റെ രൂപത്തിലാണ് ചിത്രം പുരോഗമിക്കുന്നത്. പതിവായ ചട്ടക്കൂടുകളിൽ വാർത്തെടുക്കുന്ന വാണിജ്യ ത്രില്ലർ സ്വഭാവമുള്ള സിനിമകളുടെ പൊതുരൂപത്തെ മറികടന്ന് കൃത്യമായ സ്വത്വം രേഖപ്പെടുത്താൻ ഈ ചലച്ചിത്രത്തിനു കഴിയുന്നുണ്ട്. സിനിമയിൽ പ്രത്യക്ഷപ്പെടുന്ന ഓരോ രംഗങ്ങളും അതിലുൾച്ചേർന്നുവരുന്ന സംഭാഷണവും മറ്റു ശബ്ദശകലങ്ങളും സിനിമ വിഭാവനം ചെയ്യുന്ന ലോകത്തിന്റെ ഉള്ളറകളിലേക്ക് പ്രേക്ഷകനെ കൂട്ടികൊണ്ടുപോകുന്നു. ഇത്തരത്തിൽ മന്ദഗതിയിലുള്ള കഥാവതരണം ചിലർക്കെങ്കിലും രസിക്കാത്തതാണെങ്കിലും ഇതേ രീതിയിലുള്ള സിനിമാനുഭവങ്ങളെ ഇഷ്ടപ്പെടുന്നവരിൽ ഈ ചലച്ചിത്രം മഹത്തായൊരനുഭൂതി സൃഷ്ടിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല.

കർണാടക അതിർത്തിയിലുള്ള ഒരു വനപ്രദേശമാണ് സിനിമയുടെ പ്രധാന പശ്ചാത്തലം. ആരാണ് എന്ന കൃത്യമായ സൂചനകളൊന്നും ഇല്ലാതെ കുരിയച്ചൻ എന്നകഥാപാത്രത്തിലേക്ക് നീളുന്ന അന്വേഷണമാണ് കഥയുടെ കാതൽ, ഉയർന്ന വനപ്രദേശത്ത് സ്ഥിതിചെയ്യുന്ന കുരിയച്ചന്റെ വീട്ടിലേക്കും കാടിന്റെ ഉള്ളറകളിലേക്കും പലരും നടത്തുന്ന അന്വേഷണത്തിലൂടെയാണ് കഥ പുരോഗമിക്കുന്നത്. കുരിയച്ചനെ തേടി കാടുകയറുന്നവർക്ക് ആരായിരുന്നു അദ്ദേഹമെന്നു തെളിഞ്ഞുവരുംതോറും ആ കഥാപാത്രത്തെ ചുറ്റിയുള്ള നിഗൂഢതയ്ക്കും വ്യാപ്തികൂടുന്നു. കാടും കാടിന്റെ രഹസ്യാത്മകസ്വഭാവവും സിനിമയുടെ പശ്ചാത്തലനിർമ്മിതിയിൽ ഒരു പ്രധാന ഘടകമായി പ്രവർത്തിക്കുന്നു. കാടിന്റെയുള്ളിലെ അപകടം പതിയിരിക്കുന്ന വഴികളും ഓരോ വഴികളിലും പ്രതിസന്ധി സൃഷ്ടിക്കുന്ന ഘടകങ്ങളും ആസ്വാദനത്തിന്റെ പുതിയൊരുലോകം അനുവാചകരിൽ സൃഷ്ടിക്കുന്നു.

ശക്തമായ തിരക്കഥയാണ് ഈ സിനിമയുടെ നട്ടെല്ല്. ബഹുൽ രമേശ് എഴുതിയ തിരക്കഥയെ അദ്ദേഹംതന്നെ ആവിഷ്ക്കരിച്ചപ്പോൾ ശക്തമായ എഴുത്തിലൂടെയും ഛായാഗ്രഹണത്തിലൂടെയും പ്രേക്ഷകരെ സിനിമയുടെ വികാരതലത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. അനാവശ്യ വിശദീകരണങ്ങളും ശബ്ദകോലാഹലങ്ങളുമൊഴിവാക്കി വാചികമായ ആശയവിനിമയത്തിനപ്പുറം പലപ്പോഴും ദൃശ്യഭാഷയിലൂടെയാണ് സിനിമ അനുവാചകരുമായി ബന്ധം സ്ഥാപിക്കുന്നത്. സിനിമയുടെ അവസാന ഭാഗമാകുമ്പോഴേക്കും മുന്നോട്ടുവയ്ക്കുന്ന ആശയത്തിന്റെ അർത്ഥവ്യാപ്തിയും അപ്രതീക്ഷിതമായ പാതയിലൂടെയുള്ള കഥാഗതിയുടെ സഞ്ചാരവും അനുവാചകരിൽ വേറിട്ട ചിന്തകളുടെ മഹാസ്ഫോടനങ്ങൾ സൃഷ്ടിക്കാൻ പാകത്തിലുള്ളതാണ്.

കാടിന്റെ നിശബ്ദതയും കാറ്റിന്റെ ഇരമ്പലുംകൂടി ഇഴചേർന്നു സിനിമയുടെ നിഗൂഢസ്വഭാവത്തിനു അടിത്തറ നിർമ്മിക്കുന്നു. പലപ്പോഴും നീണ്ടുപോകുന്ന വലിയ നിശബ്ദത കഥാപാത്രങ്ങളിലേതുപോലെതന്നെ പ്രേക്ഷകനിലും അമ്പരപ്പും ഭീതിയും സൃഷ്ടിക്കുന്നു. ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകാതെ സിനിമ അവസാനിപ്പിക്കുന്നത് പ്രേക്ഷകനെ തന്റെ ഭാവനക്കനുസൃതമായി കഥയുടെ അദൃശ്യതലങ്ങളെയും സിനിമയിലെ ദൃശ്യങ്ങളിലൂടെ വിഭാവനം ചെയ്യുന്ന ആശയത്തെയും ബന്ധപ്പെടുത്തി ചില വസ്തുതകൾ കണ്ടെത്തുവാനുള്ള പ്രേരണയാകുന്നു.



**പവിത്ര എൻ**
രണ്ടാം വർഷ സമൂഹശാസ്ത്രം



# THE PRIVILEGE OF PASSPORT DREAMS: EDUCATION INEQUALITY IN INDIA'S STUDY ABROAD TREND

Every year, over 750,000 Indian students pack their bags and board flights to universities in the United States, United Kingdom, Canada, Australia, and beyond. They chase dreams of world-class education, global exposure, and promising careers. But behind these success stories lies an uncomfortable truth: the opportunity to study abroad is becoming one of the starkest markers of privilege in modern India, deepening educational inequality in ways we rarely discuss.

Let's talk numbers. A bachelor's degree in the US costs any where between ₹40-80 lakhs. In the UK, it's around ₹30-50 lakhs. Even "affordable" desti nations like Germany or Eastern Europe require ₹15-25 lakhs when you factor in living expenses, travel, and visa costs. For a country where the median household income hovers around ₹3 lakhs annually, these figures aren't just expensive, they're astronomical.

The reality is brutal: only India's top 5-10% can realistically afford international eduction without drowning in debt. Meanwhile, a brilliant student from a middle-class or rural background, despite scoring the same marks or even better, finds these opportunities completely out of reach. The playing field isn't just uneven; it's on entirely different continents.This creates what sociologists call a "two-tier system." On one side, privileged students access cutting-edge laboratories, Nobel laureate professors, extensive library resources, vibrant campus life, and powerful alumni networks that open doors to global careers. On the other, equally talented students navigate overcrowded classrooms, outdated curricula, limited research opportunities, and infrastructure that hasn't been upgraded in decades.

When these foreign-educated students return to India or secure jobs abroad they command premium salaries and occupy positions of influence. A foreign degree becomes a golden ticket that unlocks opportunities far beyond what domestic degrees offer. This isn't just about better education; it's about reinforcing social hierarchies. The children of those who studied abroad inherit even greater advantages, making the ladder of social mobility increasingly difficult for others to climb.

Here's an angle we don't discuss enough: when India's brightest and wealthiest students leave, it reduces pressure to fix our own education system. If the families who can afford to send their children abroad had no choice but to use Indian universities, imagine the advocacy for change. There would be demands for better faculty, modern infrastructure, transparent governance, and adequate research funding. Instead, the exodus creates a convenient escape valve. Elite families opt out of the system, leaving it to deteriorate further for those who have no other option. It's a vicious cycle: poor- quality domestic education drives students abroad, which in turn reduces incentive to improve domestic institutions, which drives even more students to seek education elsewhere.

